Reg: No. K.31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. *Managing Editor:* B. Wellington B. A.

പുസ്തകം 12 | ലക്കം 6 | 1965 ജനുവരി 7 വ്യാഴം തുലാം 7 | വില 7 പൈസ | പേജ് 4

പഞ്ചായത്ത് ജീവനക്കാക്ക് പുതിയ ആനുകൂല്യം

തിരു ജ: 6

സംസ്ഥാന ഗവർമ്മെണ്ടിലെ ഹൈസ്കൂൾ അറ്റൻഡർമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്തെ 922 പഞ്ചായത്തുകളിലെ 5000 ജീവനക്കാർക്കും ലഭിക്കുമെന്നും പഞ്ചായത്ത് ഡയറക്ടറുടെ ഒരുറിയിപ്പിൽ പറയുന്നു.

(പി ടി ഐ)

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ് വഴി	വാരാന്ത്യപതിപ്പ് പോസ്റ്റ് വഴി
ഒരു കൊല്ലത്തേയ്ക്ക്	27.00	6.00
ആറുമാസത്തേയ്ക്ക്	13.50	3.00
മൂന്നുമാസത്തേയ്ക്ക്	6.75	1.50
ഏജൻറുമാർവഴി ഒരു കോപ്പിയ്ക്ക്		
വാരാന്ത്യപതിപ്പ് ഒരക്കം		2.12
മാറ്റുവില	00.??	00.10

മാനേജർ

തെരഞ്ഞെടുപ്പ് മാർച്ച് നാലിന്നു വെച്ചു

കൊല്ലത്തു കൂടിന്ന ക്രിസ്ത്യൻകൺവെൻഷനിലെ വെളിച്ചത്തിലുള്ള ഭേദഗതി

ചീഫ് ഇലക്ഷൻ കമ്മീഷണർ സുന്ദരത്തിന്റെ പ്രസ്താവന

നൂഡൽഹി, ജനു. 6

(പി. ടി. ഐ.)

കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് മാർച്ച് നാലിന്നു നടത്തുന്നതാണെന്നു ചീഫ് ഇലക്ഷൻ കമ്മീഷണർ കെ. വി. കെ. സുന്ദരം ഇന്നിവിടെ പ്രഖ്യാപിച്ചു.

ഇതിനെസംബന്ധിക്കുന്ന കേരള ഗവണ്മെന്റിന്റെ പ്രഖ്യാപനം ജനുവരി മുപ്പതിന്നു് ഉണ്ടാകുമെന്നും് സുന്ദരം പറഞ്ഞു.

നോമിനേഷൻ സമർപ്പിക്കുന്നതിനുള്ള അവസാനതീയതി ഫെബ്രുവരി 6. സ്ഥാനാർത്ഥികളുടെ പരിശോധന ഫെബ്രുവരി എട്ടു്, നോമിനേഷൻ പിൻവലിക്കുന്നതിനുള്ള അവസാനതീയതി ഫെബ്രുവരി പതിനൊന്നു്.

സംസ്ഥാനമാട്ടാകെ പോളിങ്ങ് ഒരൊറ്റ ദിവസംകൊണ്ടു് മുഴുമിപ്പിക്കുമെന്നു് അദ്ദേഹം പറഞ്ഞു. അടുത്ത ദിവസംതന്നെ വോട്ടെണ്ണൽ ആരംഭിക്കുമാച്ചു് ആഠാന്തീയതി സന്ധ്യയ്ക്കു് മുമ്പായി മുഴുവൻ ഫലപ്രഖ്യാപനങ്ങളും നടക്കുന്നതാണു്.

ആദ്യം തീരുമാനിച്ചിരുന്നതു് ഫെബ്രുവരി 15നു് തെരഞ്ഞെടുപ്പു് നടത്തുവാനായിരുന്നു.

കേരള ഗവണ്മെന്റിന്റെ അഭ്യർത്ഥനയനുസരിച്ചാണു് ഈ തീയതിയിൽ മാറ്റം വരുത്തിയതു്. നാലു് ലക്ഷത്തോളം ജനങ്ങളെ പങ്കെടുക്കുന്ന ഒരു ക്രിമ്യൂൻ കൺവെൻഷൻ ഫെബ്രുവരി ഏഴു് മുതൽ പതിനാലു വരെ കൊല്ലത്തു് കൂടുന്നുണ്ടെന്നും് സംസ്ഥാനഗവണ്മെന്റു് തന്നെ അറിയിച്ചിട്ടുണ്ടെന്നും് സുന്ദരം പറഞ്ഞു. അതുകൊണ്ടു് തെരഞ്ഞെടുപ്പു് നിയതി മാറ്റണമെന്നുള്ള സംസ്ഥാനഗവണ്മെന്റിന്റെ നിർദ്ദേശത്തിന്നു് തനിക്കു് വഴങ്ങേണ്ടിവന്നു. മാച്ചു് മുപ്പതിനു് മുമ്പായി സംസ്ഥാനനിയമസഭ രൂപം കൊള്ളണമെന്നാണു് തന്റെ ആഗ്രഹമെന്നും് സുന്ദരം പറഞ്ഞു. അന്നാണു് പ്രസിഡണ്ടു് ഭരണപ്രഖ്യാപനത്തിന്റെ കാലാവധി അവസാനിക്കുന്നതു്.

ലോറി കഴിയിൽവീണു; 5 പേർ കൊല്ലപ്പെട്ട

(പി ടി ഐ) ശ്രീകാകുളം, ജനു. 6

300 അടി താഴ്ചയുള്ള ഒരു കഴിയിലേക്കു് ഒരു ലോറി മറിഞ്ഞതിന്റെ ഫലമായി 5 പേർ കൊല്ലപ്പെട്ടു. നേരിയിൽ നിന്നു് മൂന്നു് നാഴിക ദൂരെ വെച്ചാണു് ഈ അത്യാഹിതമുണ്ടായതു്. ലോറി ശ്രീകാകുളിൽനിന്നു് ഉത്തരകാശിയിലേക്കു് പോകുകയായിരുന്നു.

ഉപതിരഞ്ഞെടുപ്പുകളിൽ നേട്ടമുണ്ടായെന്നു്

(പി ടി ഐ) ഒറ്റപ്പാലം, ജൻ 6

കഴിഞ്ഞവർഷം ലോകസഭയിലേക്കും നിയമസഭകളിലേക്കും നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസിനു് ലഭിച്ച വോട്ടുകളുടെ ശതമാനം വർദ്ധിച്ചിട്ടുതായി കോൺഗ്രസു് വാഷികത്തിൽ ജനറൽ സിക്രട്ടറി സമർപ്പിച്ചിരിക്കുന്നുവാഷികറിപ്പോർട്ടിൽ പറയുന്നു.

1963 ഡിസംബർ 16-ാംതീയതി തുടങ്ങിച്ചു് 1964-ഡിസംബർ 31-ാം തീയതി അവസാനിക്കുന്ന കാലഘട്ടത്തിൽ ലോകസഭയിലേക്കു് 11 ഉപതിരഞ്ഞെടുപ്പുകളുണ്ടായി. തിരഞ്ഞെടുപ്പുകളുടെ എണ്ണം 42 ഉപതിരഞ്ഞെടുപ്പുകളാണെന്നിട്ടുള്ളതു്. ഇതിൽ 9-ലോക്സഭാസീറ്റുകളും 28-നിയമസഭാസീറ്റുകളും കോൺഗ്രസ് നേടി. ലോക്സഭാസീറ്റുകളിൽ മൂന്നും നിയമസഭാസീറ്റുകളിൽ 4 ഉം കോൺഗ്രസിനു് നേരത്തെ ഉണ്ടായിരുന്നതായിരുന്നു.

കോൺഗ്രസ്സ് എം. എൽ. എ കൂറുമാറ്റം വിശ്വാസവഞ്ചന കാഠത്തിനു്

(പി ടി ഐ) സുരേന്ദ്രനഗർ, ജനു. 6

ഗുജറാത്തു് വിധാനസഭയിലെ ഒരു കോൺഗ്രസ്സ് അംഗമായ ലദ്ധാഭായ് മഗൻലാൽ ഗ്രാമ്യയ വിശ്വാസവഞ്ചന കാഠത്തിനു് ഒരു കൊല്ലത്തെ കഠിനതടവിനും, 1000 ഉറുപ്പിക പിഴ അടക്കുവാനും സുരേന്ദ്രനഗർ സെഷൻസ് ജഡ്ജി ശ്രീവേദി ശിക്ഷിച്ചിരിക്കുന്നു. പിഴ അടക്കുന്നില്ലെങ്കിൽ കഠിനതടവു് ആറുമാസം കൂടതലുണ്ടു്.

പി.ഡി-ഗ്രൂപ്പു് എന്ന പേരിൽ അറിയപ്പെടുന്ന ഒരു പിന്നോക്കസമുദായത്തിന്റെ പുനരധിവാസത്തിനുവേണ്ടി ഒരു കഷ്ടകുടുംബക്ഷേമസംഘം ഗ്രാമ്യയ ഏല്പിച്ച 19,000 ഉറുപ്പിക ആ ആവശ്യത്തിനു് ഉപയോഗിച്ചില്ലെന്നാണു് കേസു്.

—0—

ബ്രിട്ടീഷ് ബോമ്പർ കൂടി തയ്യാറായി നില്ക്കുന്നു ഇന്തോനേഷ്യയുടെ ഭീഷണി നേരിടുന്നതിനുള്ള നീക്കം

(റോയിട്ടർ) ലണ്ടൻ ജനു 6

ആവശ്യമായി വരികയാണെങ്കിൽ ഉടനെതന്നെ സൈന്യത്തെ പാഠക്കന്നതിന്നായി ബ്രിട്ടീഷ് വി. ബോമ്പർ വിമാനങ്ങളും തയ്യാറായി നില്ക്കുകയാണെന്നു് ഒരു വ്യോമസേനാവക്താവു് പ്രസ്താവിച്ചിരിക്കുന്നു.

മലയേഷ്യക്കെതിരായി ഇന്തോനേഷ്യയുടെ ഒടുവിലത്തെ നീക്കത്തെത്തുടർന്നുള്ള നടപടിയാണിതു്. ഉടനെതന്നെ ശത്രുദേശത്തു് എണ്ണം കുറഞ്ഞുപ്പെടുത്തിയിട്ടില്ലാത്ത വി. ബോമ്പർ വിമാനങ്ങൾ ബ്രിട്ടൻ ഇപ്പോൾതന്നെ തയ്യാറാക്കി നിർത്തിയിട്ടുണ്ടു്.

....

യു. എൻ. തക്കത്തിൽ ഇന്തോനേഷ്യൻ വിശദീകരണം

എ എഫ് പി ഫെഡറേഷൻ, ജ. 6

മലയേഷ്യയെ രക്ഷാസമിതിയിലേക്കു് തെരഞ്ഞെടുക്കുന്നതിന്നു് വേണ്ടി നടന്ന കൂടിയാലോചനകളിൽ ആ സംരംഭത്തിന്നു് എതിർപ്പുണ്ടായിട്ടുണ്ടെന്നു് യു. എന്നിലെ ഇന്തോനേഷ്യൻ സ്ഥിരം പ്രതിനിധി പാലർ ഫെഡറേഷൻ പ്രസിഡണ്ടിന്നെയച്ച ഒരു കത്തിൽ പറയുന്നു.

ഫെഡറേഷനും നേരിടുന്ന സാമ്പത്തിക കഴപ്പുത്തിന്റെ പേരിൽ കൂടിയാലോചനകൾവഴി നടന്ന മലയേഷ്യയുടെ തെരഞ്ഞെടുപ്പിന്റെ ആക്കം ആക്ഷേപമുണ്ടായിരുന്നില്ലെന്നാണു് യു. എൻ. പ്രസിഡണ്ടു് കയിസൻസാക്കി പൊതുസമ്മേളനത്തെ ധരിപ്പിച്ചതു്. മലയേഷ്യയുടെ തെരഞ്ഞെടുപ്പിനെ തത്പരത്തിൽ ഇന്തോനേഷ്യ എതിർത്തിരുന്നു. പക്ഷെ ഔദ്യോഗികമായി അപ്പോൾ ആക്ഷേപം രേഖപ്പെടുത്തിയില്ലെന്നുമാത്രം.

രാജഗോപാലന്റെ ഒഴിവിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്

(പി ടി ഐ) ഒറ്റപ്പാലം ജനു. 6

മി ജി രാജഗോപാലന്റെ നിര്യാണംമൂലം കോൺഗ്രസ്സ് വക്കിങ്ങ് കമ്മറ്റിയിൽ വന്നിട്ടുള്ള ഒഴിവിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ജനുവരി 8നു് നടത്തുന്നതായിരിക്കും. മുൻ കേന്ദ്ര മന്ത്രിയായിരുന്ന മി കെ ഡി മാളവ്യ, മുൻ യു. പി മുഖ്യമന്ത്രി മി സി ബി ഗുപ്ത എന്നിവർ തൽസ്ഥാനത്തേയ്ക്കു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വരുടെ കൂട്ടത്തിൽപെടുന്നുണ്ടു്.

....

ബസ്സപകടം; 9 പേർ കൊല്ലപ്പെട്ട

(പി ടി ഐ) കറാച്ചി, ജനു. 6

പടിഞ്ഞാറൻ പാക്കിസ്ഥാനിലെ ഹസാറ ജില്ലയിലെ മൻഷേരക്കടുത്തുവെച്ചുണ്ടായ ഒരു ബസ്സപകടത്തിൽ 9പേർ കൊല്ലപ്പെട്ടു. 33 പേർക്കു് പരിക്കുപറ്റി. പരിക്കേറ്റവരിൽ 5 പേരുടെ നില ഗുരുതരമാണു്.

....

ഇന്ത്യ ബോമ്പുണ്ടാക്കണം

(പി ടി ഐ) അലഹബാദ്, ജനു. 6

ഇന്നത്തെ അന്തരാരാഷ്ട്രയസ്ഥിതിവച്ചു് നോക്കുമ്പോൾ ഇന്ത്യ ആറ്റംബോമ്പുണ്ടാക്കണമെന്നു് ഹിന്ദുമഹാസഭ പ്രസിഡണ്ടു് നിത്യാനന്ദൻ ബ്രഹ്മചാരി ഇന്നിവിടെ പത്രക്കാരോടു് പറഞ്ഞു. ആറ്റംബോമ്പുണ്ടാക്കുന്നതിനുള്ള ചിലവു് ഒരു തടസ്ഥമായിട്ടുള്ളതാ. കാരണം കോടിക്കണക്കിനു് ഉറുപ്പികവിലവ് ചെയ്യേണ്ടിവരുന്ന പദ്ധതികളെ നശിപ്പിക്കുവാൻ ശത്രുവിന്റെ ഒരൊറ്റ ആറ്റംബോമ്പു് മതി മാത്രമല്ല ഈ ജൂതത്ത മുഴുവൻ അടിമത്വത്തിൽ ഏല്ക്കുവാനും ശത്രുവിന്നു് അങ്ങിനെ കഴിയുമെന്നു് അദ്ദേഹം പറഞ്ഞു.

തങ്ങളെ പിടിച്ചുവച്ചിട്ടുള്ള സ്ഥലങ്ങളിൽനിന്നു് ഒഴിഞ്ഞുപോകുവാനുള്ള ചൈനയുടെ വൈമനസ്യവും, അയൂബ്ഖാൻ വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും ഇന്തൃയുടെ സ്വാതന്ത്ര്യത്തിന്റേയും, സുരക്ഷിതത്തിന്റേയും നേരെയുള്ള അപകടം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു.

അഡ്വൈസർ തൃശ്ശൂരിൽ

തൃശ്ശൂർ, ജനു. 6

കേരള ഗവണ്മെന്റിന്റെ അഡ്വൈസർ ശ്രീ ആർ. പ്രസാദ് ഇന്നിവിടെ എത്തി. മണ്ണുത്തിയിലെ വെറ്ററിനറി കോളേജും കൊച്ചിൻ മാല്യഫിറംസും സന്ദർശിച്ചിരിക്കുന്നു.

[സ്വ ലേ]

കെ. സി. പി. മെൻബർ സെക്രട്ടേറിയറ്റ് ഇന്നു തൃശൂരിൽചേരുന്നു

തൃശൂർ, ജനു 6

കഷ്ടകരമായിട്ടുള്ള പാർട്ടി സെൻട്രൽ സെക്രട്ടേറിയറ്റ് നാളെ (വ്യാഴം) രാവിലെ 9 മണിയ്ക്കു് "തൊഴിലാളി" ബിൽഡിംഗ്സിൽ വെച്ചു ചേരുന്നതാണെന്നു് ജന: സെക്രട്ടറി ബി. വെല്ലിംഗ്ടൺ ഇവിടെ അറിയിച്ചിരിക്കുന്നു.

അയോദ്ധ്യാകേസ് പെട്ടെന്നു് കുമ്പിട്ടു

(പി ടി ഐ) സേലം ജനു. 6

ഇവിടെ താമസിച്ചിരുന്ന 140 ഓളം കിഴക്കൻ പാക്കിസ്ഥാൻ അഭയാർത്ഥി കുടുംബങ്ങളും അവരുടെ സ്വത്തും ഇപ്പോൾ സരിച്ചു് ഇവിടെവിട്ടിരിക്കുന്നു. രണ്ടു് സംഘങ്ങളായി അവർ മദ്രാസിലേക്കു് വണ്ടികയറി. ഇവിടെ വിട്ടുപോകുന്നതിനുള്ള തീരുമാനത്തിൽനിന്നു് അവരെ വ്യതിചലിപ്പിക്കുവാൻ ജില്ലാ അധികൃതർ ശ്രമിച്ചെങ്കിലും, അവർ അവരുടെ തീരുമാനത്തിൽ ഉറച്ചുനിന്നു. ഒരു കുടുംബം മാത്രമേ ഇപ്പോഴും ഇവിടെ അവശേഷിച്ചിട്ടുള്ള. അതിൽപ്പെട്ട രണ്ടുപേർ ജില്ലാ ആസ്പത്രിയിൽ ചികിത്സയിലാണു്.

ശാസ്ത്രിയും കാമരാജും ഉർഗ്ഗപൂരിൽ എത്തി

വിമാനത്താവളത്തിൽനിന്നും കോൺഗ്രസ് നഗരിലേക്കു് വാഹന ഘോഷയാത്ര

[പി ടി ഐ] ഉർഗ്ഗാപ്പൂർ, ജനു 6

ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിന്റെ 69-മത്തു് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി മി. ശാസ്ത്രിയും കോൺഗ്രസ് അദ്ധ്യക്ഷൻ മി. കാമരാജനാടാരും ഇന്നുരാവിലെ 10 മണിയോടുകൂടി വിമാനമാർഗ്ഗം എത്തിച്ചേർന്നു.

കൽക്കട്ടയിൽനിന്നും മി. കാമരാജാണു് ഇവിടെ ആദ്യം എത്തിയതു്. ഏതാനും മിനുട്ടുകൾക്കുശേഷം പ്രധാനമന്ത്രി മി. ശാസ്ത്രിയും ഡൽഹിയിൽനിന്നു് വന്നുചേർന്നു.

പശ്ചിമബംഗാൾ കോൺഗ്രസ് നേതാവ് മി അതുല്യഘോഷ്, സ്വാഗതസംഘാദ്ധ്യക്ഷൻ മി അജയ്കുമാർ മുക്കർജി തുടങ്ങിയവർ പേന്നു് നേതാക്കന്മാരെ സ്വീകരിച്ചു. വിമാനത്താവളത്തിൽനിന്നും 6 നാഴിക ദൂരയുള്ള കോൺഗ്രസ് നഗറിലേക്കു് കാൽനടയ്ക്കും രണ്ടായിരത്തോളം കൈക്കിളികളുടെയും അകമ്പടിയോടെ ഒരു ഘോഷയാത്രയായാണു് അവരെ ഇരുവരേയും ആനയിച്ചതു്. കൈക്കിളികളിലും കാൽനടയിലും കോൺഗ്രസിന്റെ മുവർണ്ണക്കൊടിയും നാട്ടിയിരുന്നു. ഘോഷയാത്ര നിങ്ങിക്കൊണ്ടിരുന്നപ്പോൾ ഇടവിടാതെ പൊഴികെ കൊട്ടിക്കൊണ്ടിരുന്നു. വഴിയിൽ ഉടനീളെയായി 15 ഔർച്ചകൂം നട്ടുപ്പിച്ചിട്ടുണ്ടു്. വഴിയരുകിൽ തടിച്ചുകൂടി നിന്നിരുന്ന ജനക്കൂട്ടത്തിന്റെ അഭിവാദ്യങ്ങൾ ഒരു മുറ്റാന കാറിൽ സഞ്ചരിച്ചിരുന്ന ഇരുനേതാക്കന്മാരും സ്വീകരിച്ചുകൊണ്ടിരുന്നു. റോഡിന്റെ ഇരുവശങ്ങളിലുമുള്ള മരത്തടികളിൽ പായംതീച്ച കോൺഗ്രസിന്റെ മുവർണ്ണക്കൊടികളും പിതൃകരിച്ചിരുന്നു.

ഘോഷയാത്ര സമ്മേളനസ്ഥലത്തെത്തിയപ്പോൾ ജനങ്ങൾ തടിച്ചുകൂടി. വാഹനഘോഷയാത്ര സാവധാനമായി, ജനക്കൂട്ടത്തെ ഒഴിച്ചുമാറി വഴിയുണ്ടാക്കുന്നതിന്നു് സേവാദൾ വളന്റിയർമാർക്കുന്നു പണിപ്പെടേണ്ടിവന്നു. ജനക്കൂട്ടത്തിൽപ്പെട്ടു് ചിലക്കു് ചില്ലറ പരിക്കുകൂംപറ്റി.

കോൺഗ്രസ്സ് നഗറിൽ എത്തിയ ഉടനെ തന്നെ മി ശാസ്ത്രിയും മി കാമരാജും സമ്മേളന മണ്ഡപത്തും പരിശോധിച്ചു. പിന്നീടവർ കോൺഗ്രസ്പ്രവർത്തകസമിതിയിലേക്കു് പോയി.

പ്രവർത്തക സമിതി സാമ്പത്തിക പ്രമേയം ചർച്ച ചെയ്തു

സാമ്പത്തികസ്ഥിതിയെ സംബന്ധിക്കുന്ന കരടുപ്രമേയം കോൺഗ്രസ് പ്രവർത്തകസമിതി ഇന്നു് ചർച്ച ചെയ്തു. പ്രസ്തുത പ്രമേയം ഇന്നുവൈകുന്നേരം പൊതുസമ്മേളനത്തെ ധരിപ്പിച്ചതുമാണു്. മലയേഷ്യയുടെ തെരഞ്ഞെടുപ്പിനെ തത്പരത്തിൽ ഇന്തോനേഷ്യ എതിർത്തിരുന്നു. പക്ഷെ ഔദ്യോഗികമായി അപ്പോൾ ആക്ഷേപം രേഖപ്പെടുത്തിയില്ലെന്നുമാത്രം.

രാജഗോപാലന്റെ ഒഴിവിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്

(പി ടി ഐ) ഒറ്റപ്പാലം ജനു. 6

മി ജി രാജഗോപാലന്റെ നിര്യാണംമൂലം കോൺഗ്രസ്സ് വക്കിങ്ങ് കമ്മറ്റിയിൽ വന്നിട്ടുള്ള ഒഴിവിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ജനുവരി 8നു് നടത്തുന്നതായിരിക്കും. മുൻ കേന്ദ്ര മന്ത്രിയായിരുന്ന മി കെ ഡി മാളവ്യ, മുൻ യു. പി മുഖ്യമന്ത്രി മി സി ബി ഗുപ്ത എന്നിവർ തൽസ്ഥാനത്തേയ്ക്കു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വരുടെ കൂട്ടത്തിൽപെടുന്നുണ്ടു്.

....

ജോൺസനെ സോവിയറ്റ് നേതാക്കൾ ക്ഷണിച്ചേക്കും

[റോയിട്ടർ] മോസ്കോ, ജനു 6

സോവിയറ്റ് നേതാക്കൾ അമേരിക്ക സന്ദർശിക്കുന്നതിനുള്ള പ്രസിഡണ്ടു് ജോൺസന്റെ ക്ഷണം സോവിയറ്റ് ഭരണകൂടത്തെ വളരെ താല്പര്യമുണർത്തിയിട്ടുണ്ടു്.

പ്രസിഡണ്ടു് ജോൺസന്റെ രാഷ്ട്രത്തോടുള്ള സന്ദേശം ഗവണ്മെണ്ടു് പത്രങ്ങളിൽ ഉന്നയിക്കപ്പെട്ട ചില കാര്യങ്ങളെ വെളിച്ചത്തിൽ കൊണ്ടുപ്രമേയം പരിശോധിക്കുന്നതിനും ഒരു പുതിയ കരട്പ്രമേയം ഉണ്ടാക്കുന്നതിനും ഒരു ഔദ്യോഗസംഘത്തെ നിയമിച്ചു. ഇതു കമ്മറ്റിയിൽ ജി എൽ നന്ദ, ടി ടി കൃഷ്ണമാചാരി, സി സുബ്രഹ്മണ്യം, വി കെ കൃഷ്ണമേനോൻ, വി പി നായിക് യു എൻ ഡെബാർ എന്നിവരുണ്ടായിരുന്നു.

കോൺഗ്രസ് പ്രസിഡണ്ടു് കാമരാജ്, പ്രധാനമന്ത്രി ശാസ്ത്രിയും അടക്കം പ്രവർത്തകസമിതിയിലെ മിക്ക അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചു. പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെ കൂട്ടത്തിൽ സംസ്ഥാനമുഖ്യമന്ത്രിമാർ, യു എൻ ഡെബാർ, കൃഷ്ണമേനോൻ, കെ വി മാധവൻ എന്നിവരും ഉൾപ്പെട്ടിരുന്നു.

ഭക്ഷ്യമന്ത്രി വില്ലനക്കാരനായി

[പി ടി ഐ] കല്യാണ, ജനു. 6

കല്യാണത്തിൽ ഇന്നലെ സ്റ്റാട്ടുകുറി റേഷനിങ്ങ് നടപ്പിലാക്കിയതിനുശേഷം ഒരു യുവവിലക്ഷാപ്പിൽനിന്നു് ഭക്ഷ്യമന്ത്രി സുബ്രഹ്മണ്യം തന്നെ ബക്കാരം മുഖ്യമന്ത്രി സെന്നിനെ ഭക്ഷ്യധാന്യങ്ങളും വിപ്പിക്കുകയുണ്ടായി. 1.20 കിലോ അരി, 1.20 കിലോ ഗോതമ്പു്, 300 ഗ്രാം പഞ്ചസാര ഇതുമാണു് സെന്നിനു് വിറ്റതു്. അതിനാൽ ബിൽ സുബ്രഹ്മണ്യം തന്നെ എഴുതി.

യാഗ്നിക് എം. പി. ഉപവാസം അവസാനിപ്പിച്ചു

(പി ടി ഐ) അഹമ്മദാബാദ്, ജനു. 6

മഹാഗുജറാത്തു് ജനതാ പരിഷത്തിന്റെ പ്രസിഡണ്ടായ മി. ഇന്ദുലാൽ യാഗ്നിക് എം. പി., താൻ നടത്തിവന്നിരുന്ന ഉപവാസം 13-ാം ദിവസമായി ഇന്നു് അവസാനിപ്പിച്ചിരിക്കുന്നു.

സംസ്ഥാനത്തെ ഭക്ഷ്യനില മെച്ചപ്പെടുത്തുന്നതിലേയ്ക്കു് കേന്ദ്രഗവണ്മെണ്ടിന്റേയും സംസ്ഥാനഗവണ്മെണ്ടിന്റേയും ശ്രദ്ധയാകർഷിക്കുവാൻ ഡിസമ്പർ 25നു് ആണു് മി. യാഗ്നിക് തന്റെ ഉപവാസം ആരംഭിച്ചതു്. ഗുജറാത്തു് സിവിൽ സപ്ലൈസു് മന്ത്രി മി വിജയകമർ ശ്രീവേദിയിൽനിന്നു് അനുമോദപൂർണ്ണമായ ഒരു കത്തു് ലഭിച്ചതിനെത്തുടർന്നാണു് പരിഷത്തിന്റെ തീരുമാനം.

കുമിനൽപുള്ളികം കസ്റ്റഡിയിലായി

പി ടി ഐ ഒറ്റപ്പാലം, ജനു 6

ഇവിടത്തെ കോൺഗ്രസ് പ്രശ്നസ്ഥലത്തു് സംശയകരമായ വിധത്തിൽ നീങ്ങിക്കൊണ്ടിരുന്ന നാലു് പേരെ പോലീസ് ഇന്നു് കസ്റ്റഡിയിൽ എടുത്തു. അവരിൽ കൊള്ളക്കയ്യിൽ രണ്ടുകെത്തോക്കുണ്ടായിരുന്നു. ബീഹാറിൽ അറിയപ്പെടുന്ന ക്രിമിനൽ പുള്ളികളാണു് ഇവരെന്നു് പോലീസ് പറഞ്ഞു.

.....

വ്യവസായപരിശീലനത്തിനു് 15 വയസ്സ് മതി

തിരുവനന്തപുരം ജനു. 6

പതിനഞ്ചു് വയസ്സുള്ളവർക്കു് വ്യവസായ പരിശീലന കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും പ്രവേശനം നിഷിക്കുമെന്നു് കേരള ഗവണ്മെണ്ടിന്റെ ഒരു അറിയിപ്പിൽ പറയുന്നു. ഇതുവരെ 16 വയസ്സായവർക്കു് മാത്രമെ പ്രവേശനം അനുവദിച്ചിരുന്നുള്ള. പി ടി ഐ

ഫെബ്രുവരി 7 വരെ ഗുണനിരോധിച്ചിരിക്കും

[സ്വ. ലേ] പാലക്കാടു്, ജനു. 6

പാലക്കാടു് ജലസേചന മേഖലകളിൽ മുണ്ടകൻകൃഷി ഇക്കുറിയും വൈകിയിരുന്നതിനാൽ ഇത്തവണ മലമ്പുഴ വാളയാർ, മംഗലം, ഗായത്രി എന്നീ അണക്കെട്ടുകളും ഫെബ്രുവരി 7 വരെ ഗുണനിരോധിക്കുന്നതാണെന്നു് കേഴിക്കോടു് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിക്കുന്നു. മുൻ കൊല്ലങ്ങളിൽ ജനുവരി 31 നു് ജലവിതരണം നിർത്തുകയാണു് പതിവു്.

അണക്കെട്ടുകളിലെ വെള്ളം പലപ്പോഴും പാഴാക്കിക്കളയുന്നതായി ശ്രദ്ധയിൽപെട്ടിട്ടുള്ളതിനാൽ കൃഷിക്കാർ മിതമായ ആവശ്യത്തിനു മാത്രം വെള്ളം ചിലവു് ചെയ്യുന്നതാണെന്നു് അഭ്യർത്ഥിക്കുന്നു. ചിലയിടങ്ങളിൽ ഫീൽഡ്ഘോഷി ശരിയായവിധത്തിൽ സൂക്ഷിക്കേണ്ടതു് കൃഷിക്കാരുടെ ചുമതലയാണു്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഉദ്യോഗസ്ഥന്മാരിൽനിന്നും ലഭിക്കുന്നതായിരിക്കും. മലമ്പുഴ കനാൽ ഏപ്രിൽ 14-ാംതീയതിയും വാളയാർ, മംഗലം, മീങ്കര എന്നീ കനാലുകൾ മേയ് 15-ാംതീയതിയും പതിവുപോലെ ഇറക്കുന്നതായിരിക്കും.

—

മുരിയാടു് പഞ്ചായത്തു് വാർഷികം

(സ്വ. ലേ) നെല്ലായി, ജനു. 5

മുരിയാടു് പഞ്ചായത്തിന്റെ പ്രഥമ വാർഷികദിനം കൊണ്ടാടുന്നതിനു് ത്രുപീകരിച്ച 101 പേരടങ്ങുന്ന ഒരു കമ്മറ്റി സമ്മേളിച്ചു് 1965 ജനുവരി 24-ാംതീയതി വിപുലമായ തോതിൽ ആഘോഷിക്കുന്നതിനു് തീരുമാനിച്ചിരിക്കുന്നു. നടത്തിപ്പിനായി 15 പേരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മറ്റിയേയും തിരഞ്ഞെടുത്തു.

—0—

പാലക്കാടു് ജില്ലയിലെ തൊഴിൽ നില

(സ്വ. ലേ) പാലക്കാടു് ജ. 6

പാലക്കാടു് ജില്ലയിൽ ജോലിക്കവേണ്ടിയുള്ള രജിസ്ട്രേഷനും തൊഴിൽ രഹിതരുടെ എണ്ണവും കായകുയുടെയെന്നു് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ സപ്ലിമെന്ററിലവസാനിച്ച കൽക്കൊല്ലത്തെ അവലോകനത്തിൽ കാണുന്നു. താരതമ്യേന കൂടുതൽ പേർക്കു് ജോലി നേടികൊടുക്കാൻ ഇക്കാലയളവു് സാധിച്ചിട്ടുണ്ടു്

മലയാളം ടൈപ്പ് റൈറ്റർ, സ്റ്റെനോഗ്രാഫർ, കസ്റ്റോംസ്ഗ്രാഫർ, പ്ലീഡർ, കമ്പോണ്ടർ ഹോമിയോ, ഇംഗ്ലീഷ്, കണക്ക്, മലയാളം എന്നിവയിൽ ഫുട്ടർ ഇങ്ങിനെയുള്ള ജോലികൾക്കു യോഗ്യരായവരുടെ കാര്യത്തിൽ കാര്യമായിരുന്നു. ഉദ്യോഗാർത്ഥികൾക്കു പരിശീലന യോഗ്യത വേണ്ടാത്ത അത്തരം തൊഴിലുകൾക്കും അന്വേഷിക്കുന്നവരുണ്ടായിരുന്നു.

സപ്തംബർ വരെയിൽ 7444 പേർ ഉദ്യോഗാർത്ഥികളായുണ്ടു്. ഇവരിൽ 1956 പേർ സ്ത്രീകളാണു്. ഉദ്യോഗാർത്ഥികളായി രജിസ്റ്റർ ചെയ്തവരിൽ പകുതിയോളം അഭ്യസ്തവിദ്യരാകുന്നു. ഇവരിലധികവും എതെങ്കിലും ജോലിയിൽ മുൻപരിചയം ഇല്ലാത്തവരാണു്.

—

വി. സേവ്യറുടെ തിരുശരീരപ്രദർശനം സമാപിച്ചു

ഇൻഡ്യൻ നൺഷ്യോ തിരുമേനിയുടെ സന്നിദ്ധ്യത്തിൽനടന്ന ഭക്തിനിർഭരവും ഹൃദയാവർജ്ജകവുമായ ചടങ്ങുകൾ

[പി ടി ഐ] ഗോവ ജനു. 6

44 ദിവസമായി ഇവിടെ നടന്നുവന്നിരുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ തിരുശരീരപ്രദർശനം, ഇന്ത്യയിലെ പോപ്പൽ ഇന്റർ നൺഷ്യോ മോൺ. ജെയിംസ് നോക്സ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽനടന്ന ഭക്തിനിർഭരമായ മതകർമ്മങ്ങളോടെ ഇന്നു് സമാപിച്ചിരിക്കുന്നു.

രാവിലെ 9 മണിക്കു് സമാപനശുശ്രൂഷകൾ ആരംഭിച്ചു. ഇൻഡർ നൺഷ്യോ തിരുമേനി കത്തീഡ്രലിൽ അർപ്പിച്ച പൊന്തിഫിക്കൽ കർബ്ബാനയിൽ ജയിർക്കണക്കിനു് വിശ്വാസികളും സംബന്ധിക്കുകയുണ്ടായി. ഗോവാ ആർച്ചിലറി മെത്രാൻ ഭാഗ്യർ റവ: മോൺ. എഫ്. റിബെല്ലോ കർബ്ബാനപ്രസംഗം നടത്തി.

കർബ്ബാനയ്ക്കുശേഷം ഇൻഡർ നൺഷ്യോ തിരുമേനി തിരുശരീരം സൂക്

തെഴിലാളി

പ്രൂഫ് ഷീറ്റ് 90
ടൈപ്പോഗ്രാഫ് 125
പത്രാധിപരുടെ അടുക്കൽ 455

1965 ജനുവരി 7 ന്നു വ്യാഴം

കേരളജീവനക്കാരുടെ ക്ഷാമബത്തയുദ്ധം

....ാ....

ശമ്പളത്തിന്റെ പേരിലോ ക്ഷാമബത്തയുടെ പേരിലോ എന്തായാലും മാന്യവസ്ത്രം കഥച്ച് കാശ് കൂടിക്കിട്ടുന്നതു് എല്ലാവർക്കും സന്തോഷം തന്നെ. കേന്ദ്രഗവർമ്മെണ്ടു് ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ചിരിക്കുന്നതായുള്ള വാർത്ത അവർക്കൊക്കെ ഒരു മധുരപലഹാരം നൽകുമെന്നതിൽ സംശയമൊന്നുമില്ല എഴുപത്തിരണ്ടു ശതമാനത്തിൽ നിന്നു് എൺപത്തിരണ്ടു ശതമാനത്തിലേക്കു് ക്ഷാമബത്ത വർദ്ധിപ്പിച്ചിരിക്കുന്നതായുള്ള വാർത്ത അവർക്കൊക്കെ ഒരു മധുരപലഹാരം നൽകുമെന്നതിൽ സംശയമൊന്നുമില്ല എഴുപത്തിരണ്ടിൽ നിന്നു് എൺപത്തിരണ്ടിലേക്കു് ക്ഷാമബത്തയിൽ വന്നിട്ടുള്ള വർദ്ധനവു്

ജീവിതച്ചിലവു് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഏറ്റവും ക്ലേശിക്കുന്ന ഒരു ജനവിഭാഗമാണു് നിശ്ചിതശമ്പളക്കാർ. നിത്യോപയോഗ സാധനങ്ങളുടെ വിലകയറ്റം അപ്രതീക്ഷിതമായും അനിയന്ത്രിതമായും വളരെയധികം കയറ്റപ്പെടുമ്പോൾ മാത്രമാണു്, കയറ്റത്തിനനുള്ള പ്രവണത പിന്നെയും ഇടത്തരവർഗ്ഗം മാത്രമാണു് നിശ്ചിതശമ്പളക്കാരുടെ വേതനത്തിൽ എന്തെങ്കിലും വർദ്ധനവു് വരുത്തുന്നതിനുള്ള ആലോചന ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടാറുള്ളതു്. ജോലിചെയ്യാനും ഞെങ്ങിയും ഞരങ്ങിയും അരമിലെ മുണ്ടു് മുറുക്കിക്കുത്തിയും അവർ കഴിഞ്ഞുകൂടണം. എന്നിട്ടു് ജീവിതച്ചിലവു് സൂചികയുടേയോ വിലസൂചികയുടേയോ ഓടിസ്ഥാനത്തിൽ വേതനത്തിൽ ചില വർദ്ധനവുകൾ വരുത്തും.

ഇപ്പോഴുണ്ടായിരിക്കുന്ന വർദ്ധനവു് ഓരോ ഓടിസ്ഥാനത്തിൽത്തന്നെയാണു്. മേൽവിവരിച്ച സംഗതിവശാലാണു് ശമ്പളത്തിന്റെ ശതമാനത്തിൽ ക്ഷാമബത്ത വർദ്ധിപ്പിച്ചിരിക്കുന്നതു്. കേന്ദ്രഗവർമ്മെണ്ടു് ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ചിരിക്കുന്നതായുള്ള വാർത്ത അവർക്കൊക്കെ ഒരു ആശ്വാസം നൽകുമെന്നതിൽ സംശയമൊന്നുമില്ല എഴുപത്തിരണ്ടിൽ നിന്നു് എൺപത്തിരണ്ടിലേക്കു് ക്ഷാമബത്തയിൽ വന്നിട്ടുള്ള വർദ്ധനവു്

കേരളത്തിലെ നിയോജകമണ്ഡലങ്ങളും വോട്ടർമാരും

തിരുവനന്തപുരം, ജനുവരി 6

കേരളത്തിലെ വിവിധ നിയോജകമണ്ഡലങ്ങളെപ്പറ്റിയുള്ള വിവരങ്ങളും താഴെ ചേർക്കുന്നു

കണ്ണൂർ ജില്ല

കാസർഗോഡ് തലശ്ശേരി പാർലിമെൻറിലെ നിയോജകമണ്ഡലങ്ങളുൾപ്പെട്ട കണ്ണൂർ ജില്ലയിൽ ആകെ 14 അസംബ്ലി നിയോജകമണ്ഡലങ്ങളും 935550 വോട്ടർമാരും 897 പോളിങ്ങ് ബൂത്തുകളും ഉണ്ടായിരിക്കും.

അസംബ്ലി നിയോജകമണ്ഡലങ്ങളും:

1 മഞ്ചേശ്വരം–62920 വോട്ടർമാരും 64 ബൂത്തുകളും. 2 കാസർഗോഡ്–62991 വോട്ടർമാരും 58 ബൂത്തുകളും 3 ഹോസ്ദുർഗ്–69261 വോട്ടർമാരും 65 ബൂത്തുകളും. 4 നീലേശ്വരം 70847 വോട്ടർമാരും 68 ബൂത്തുകളും 5 എടക്കാട്–67046 വോട്ടർമാരും 66 ബൂത്തുകളും 6 കണ്ണൂർ 70161 വോട്ടർമാരും 67 ബൂത്തുകളും 7 മാടായി 64886 വോട്ടർമാരും 64 ബൂത്തുകളും 8 പയ്യന്നൂർ 65041 വോട്ടർമാരും 61 ബൂത്തുകളും 9 തളിപ്പറമ്പ് 73115 വോട്ടർമാരും 71 ബൂത്തുകളും 10 തലശ്ശേരി 64308 വോട്ടർമാരും 64 ബൂത്തുകളും 11 കൂത്തുപറമ്പ് 65169 വോട്ടർമാരും 64 ബൂത്തുകളും 12 തലശ്ശേരി 67943 വോട്ടർമാരും 62 ബൂത്തുകളും 13 തരിങ്കളും 64505 വോട്ടർമാരും 67 ബൂത്തുകളും 14 നാദാപുരം (റിസർവ്വേഷൻ) 62357 വോട്ടർമാരും 57 ബൂത്തുകളും.

കോഴിക്കോട് ജില്ല

വളരെ കോഴിക്കോട് മഞ്ചേരി പാർലിമെൻറിലെ നിയോജകമണ്ഡലങ്ങളുൾപ്പെട്ട കോഴിക്കോട് ജില്ലയിൽ ആകെ 20 അസംബ്ലി നിയോജകമണ്ഡലങ്ങളും 12,43,594 വോട്ടർമാരും 1315 പോളിങ്ങ് ബൂത്തുകളുമാണുണ്ടായിരിക്കുക.

നി		വോ	ബൂ
1	വടകര	65329	64
2	നാദാപുരം	66503	70
3	മേപ്പയൂർ	64503	63
4	കൊയിലാണ്ടി	73453	72
5	പേരാമ്പ്ര	69148	68
6	ബാലുശ്ശേരി	68949	67
7	കുന്ദമംഗലം	67138	64
8	കല്പാറ	62654	61
9	സുൽത്താൻ വയനാട് (റിസർവ്വേഷൻ)	64376	71
10	കോഴിക്കോട്–1	67521	62
11	,, 2	69322	62
12	ബേപ്പൂർ	70076	67
13	തിരുവമ്പാടി	69242	64
14	തിരൂർ	71596	71
15	തിരൂർ	65657	62
16	കാറ്റിപ്പുറം	64841	64
17	കൊണ്ടോട്ടി	71969	71
18	മലപ്പുറം	67827	67
19	മഞ്ചേരി [റിസർവ്വേഷൻ]	63362	64
20	നിലമ്പൂർ	63010	61

പാലക്കാട് ജില്ല

പൊന്നാനി പാലക്കാട് എന്നീ പാർലിമെൻറിലെ നിയോജകമണ്ഡലങ്ങളുൾപ്പെട്ട പാലക്കാട് ജില്ലയിൽ ആകെ 14 അസംബ്ലി നിയോജകമണ്ഡലങ്ങളും, 911495 വോട്ടർമാരും 895 പോളിങ്ങ് ബൂത്തുകളും ഉണ്ടായിരിക്കും.

1	പൊന്നാനി	69416	65
2	തൃത്താല (റിസർവേഷൻ)	67867	56
3	പട്ടാമ്പി	63050	59
4	കാറ്റാപ്പുറം	62561	60
5	ശ്രീകൃഷ്ണപുരം	57412	55
6	മങ്കട	61583	61
7	പെരിന്തൽമണ്ണ	63672	63
8	മണ്ണാർക്കാട്	65960	64
9	പാലക്കാട്	65960	64
10	മലമ്പുഴ	66496	68
11	ചിറാർ	67324	66
12	കൊല്ലങ്കോട്	66342	68
13	ആലത്തൂർ	65414	66
14	കഴൽമണ്ണം (റിസർവേഷൻ)	68826	69

തൃശൂർ ജില്ല

തൃശൂർ, മുകുന്ദപുരം പാർലിമെൻറിലെ നിയോജകമണ്ഡലങ്ങളുൾപ്പെട്ട തൃശൂർ ജില്ലയിൽ ആകെ 832221 വോട്ടർമാരും 13 അസംബ്ലി നിയോജകമണ്ഡലങ്ങളും 797 ബൂത്തുകളും ഉണ്ടായിരിക്കും.

1	ചേലക്കര (റിസർവേഷൻ)	61293	60
2	വടക്കാഞ്ചേരി	69310	63
3	കുന്നംകുളം	69310	70
4	മണലൂർ	65195	62
5	തൃത്തൂർ	65422	62
6	ഒല്ലൂർ	63397	57
7	തൃരിഞ്ഞാലക്കുട	64561	61
8	കൈപമംഗലം	61214	60
9	ചാലക്കുടി	67764	63
10	മാള	60274	58
11	ഗുരുവായൂർ	60808	63
12	നാട്ടിക	64310	60
13	കൈപ്പമംഗലം	63160	58

എറണാകുളം ജില്ല

എറണാകുളം മുവാറ്റുപുഴ പാർലമെൻറിലെ നിയോജകമണ്ഡലങ്ങളുൾപ്പെട്ട എറണാകുളം ജില്ലയിൽ ആകെ 15 നിയോജകമണ്ഡലങ്ങളും 9,33,706 വോട്ടർമാരും 911 പോളിങ്ങ് ബൂത്തുകളുമുണ്ടായിരിക്കും.

1	അങ്കമാലി	63544	60
2	വളക്കേക്കര	69742	65
3	പറവൂർ	59480	57
4	ഞാറയ്ക്കൽ	58849	59
5	മട്ടാഞ്ചേരി	64948	65
6	പള്ളുരുത്തി	62494	58
7	തൃപ്പൂണിത്തുറ	63687	60
8	എറണാകുളം	64592	62
9	ആലുവാ	60704	57
10	പെരുമ്പാവൂർ	60385	57
11	കുന്നത്തുനാട് (റിസർവ്വേഷൻ)	67914	65
12	കോതമംഗലം	61982	63
13	മുവാറ്റുപുഴ	64478	66
14	തൊടുപുഴ	54962	60

കോട്ടയം ജില്ല

പീരുമേട്, കോട്ടയം പാർലമെൻറിലെ നിയോജകമണ്ഡലങ്ങളുൾപ്പെട്ട കോട്ടയം ജില്ലയിൽ ആകെ 15 അസംബ്ലി നിയോജകമണ്ഡലങ്ങളും 872634 വോട്ടർമാരും 849 പോളിങ്ങ് ബൂത്തുകളും ഉണ്ടായിരിക്കും.

1	പാലാ	61530	61
2	പത്തനംതിട്ട	68131	69
3	കോന്നി	60599	58
4	പത്തനാപുരം [റിസർവ്വേഷൻ]	58842	59
5	പുനലൂർ	58195	56
6	ചടയമംഗലം	67759	60
7	കൊട്ടാരക്കര	68294	66
8	കന്നത്തൂർ	66567	64
9	കുണ്ടറ	63349	5
10	ഇരുമ്പനം	60758	57
11	കരുനാഗപ്പള്ളി	70992	69
12	കായംകുളം	61073	61
13	കുണ്ടറ	72854	81
14	ഇരിപ്പനം	63767	59
15	ചാത്തന്നൂർ	63010	59

തിരുവനന്തപുരം ജില്ല

ചിറയിൻകീഴ് തിരുവനന്തപുരം പാർലിമെൻറിലെ നിയോജകമണ്ഡലങ്ങളുൾപ്പെട്ട തിരുവനന്തപുരം ജില്ലയിൽ ആകെ 850301 വോട്ടർമാരും 14 അസംബ്ലി നിയോജകമണ്ഡലങ്ങളും 818 പോളിങ്ങ് ബൂത്തുകളും ആണ് ഉണ്ടായിരിക്കുക.

1	വക്കല	57060	56
2	ആറാങ്കൽ	64844	62
3	കിളിമാനൂർ (റിസർവ്വേഷൻ)	62048	69
4	വാമനപുരം	53886	53
5	ആര്യനാട്	52054	51
6	നെടുമങ്ങാട്	54699	52
7	കഴക്കൂട്ടം	66912	67
8	തിരുവനന്തപുരം–1	65201	60
9	തിരുവനന്തപുരം–2	70739	68
10	നേമം	52672	53
11	കോവളം	53065	5
12	വിഴിഞ്ഞം	65952	6
13	നെയ്യാറ്റിൻകര	63964	68
14	പാറശാല	60257	58

പഞ്ചായത്ത് ജീവനക്കാരുടെ യോഗം

(സ്വ ലേ) കൊടകര, ജനു. 6

മുകുന്ദപുരം താലൂക്കിലെ പഞ്ചായത്ത് ജീവനക്കാരുടെ യോഗം 3–1–65 ൽ കൊടകരവച്ച് കൂടി സ്റ്റോഫ് എന്ന് കൂടിവ് എടുത്തിട്ടുള്ള സമരപരിപാടി കാര്യക്ക് അനുസൃതമായി എല്ലാ ജീവനക്കാരും പ്രവത്തിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

....

കടകിടപ്പുകാരുടെ റജിസ്ട്രേഷൻ അപേക്ഷിക്കാനുള്ള കാലയളവ് നീട്ടി

പാലക്കാട്, ജനു. 6

കേരള ഭൂപരിഷ്കരണ നിയമമനുസരിച്ച് കുടികിടപ്പുകാരായി രജിസ്റ്റർചെയ്യുന്നതിനു കൃഷിക്കാരിൽനിന്നും താമസിൽക്കുള്ള അപേക്ഷകരും താമസിൽ മാത്രമുള്ള നോട്ടീസ് പ്രസിദ്ധം ചെയ്യുന്നതുമായ അയച്ചാൽ മതിയെന്ന് ഉത്തരവായിരിക്കുന്നു. 90 ദിവസമായിരുന്ന നേരത്തെ നിശ്ചയിച്ചിരുന്ന സമയപരിധി. ഇതനുസരിച്ച് പാലക്കാട് താലൂക്കാഫീസിൽ 1965 മാച്ച് 9 നകം ലഭിച്ച കുടികിടപ്പ് റജിസ്ട്രേഷനുള്ള അപേക്ഷകളും സ്വീകരിക്കുന്നതാണ്. [സ്വ. ലേ]

മടങ്ങിവന്നാൽ ദയവായി പെരുമാറാമെന്നു്

ടിബറൻ അഭയാർത്ഥികളെ പീക്കിങ്ങ് മാടിവിളിക്കുന്നു

ലാസാ, ജനുവരി 5

മനുഷ്യത്തേക്ക് മടങ്ങിവരുവാൻ ടിബറൻ അഭയാർത്ഥികളെ പ്രേരിപ്പിക്കുന്നതിനുള്ള പീക്കിങ്ങിൻറെ പ്രസ്ഥാനം പൂർവ്വാധികം ഊർജ്ജിതപ്പെടുത്തിയിരിക്കുന്നു. അധികൃതർ 'മതസ്വാതന്ത്ര്യം' മുറുമുറുകിയിട്ടുണ്ടെന്നും ഉടൻതന്നെ മടങ്ങി വരുന്നവരോട് 'ദയവായി' പെരുമാറുമെന്നും ലാസാ റേഡിയോ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

അഭയാർത്ഥികളെ തങ്ങളുടെ കന്നുകാലികളേയുംകൊണ്ട് തിരിച്ചുവരാൻ പ്രേരിപ്പിക്കുന്നവർക്ക് തക്കപ്രതിഫലം കൊടുക്കാമെന്നു 1964 നവംബറിൽ റേഡിയോ പ്രഖ്യാപിച്ചിരിക്കുന്നു. ഇന്ത്യയിലെ ടിബറൻ അഭയാർത്ഥികളെ പ്രീണിപ്പിക്കുന്നതിനും പീക്കിങ്ങ് സ്വീകരിച്ചുവരുന്ന വിധ നടപടികളിൽ കാണുന്നു. അഭയാർത്ഥികളുടെ ഒരുമാതിരിയും ബന്ധുക്കളുടേയുമാണെന്ന വ്യാജേന ലാസാ റേഡിയോ ടിബറൻ സന്ദേശങ്ങളും പ്രക്ഷേപണം ചെയ്യുന്നുണ്ട്. ഇത് സന്ദേശത്തിലെ സുരക്ഷിതത്വത്തിനും സ്വാതന്ത്ര്യത്തിനും കുറിച്ച് വിവരിക്കുകയും അഭയാർത്ഥികളെ ടിബറിലേക്ക് മടങ്ങി വരുന്നതിനു ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

ലാമാ മതത്തോടുള്ള പീക്കിങ്ങിൻറെ ശത്രുതാമനോഭാവം

ലാമാ മതത്തോടുള്ള പീക്കിങ്ങിൻറെ ശത്രുതാമനോഭാവത്തെക്കുറിച്ച് ന്യൂഡൽഹിയിലെ ടിബറൻ അഭയാർത്ഥികളുടെ പ്രീണിപ്പിക്കുന്നതിനുള്ള പീക്കിങ്ങിൻറെ പ്രസ്താവനയെ ഉദ്ധരിച്ചുകൊണ്ട് ന്യൂസ് ഏജൻസി അഭിപ്രായപ്പെടുന്നു. ടിബറൻ ജനതയുടെ ഇടയിൽ ലാമാ മതത്തിനുള്ള സ്വാധീനശക്തിയെ തകർക്കുന്നതിനുള്ള ചൈനീസ് കമ്മ്യൂണിസ്റ്റുകാരുടെ ശ്രമങ്ങൾ ഫലപ്രദമായിട്ടില്ലെന്നുള്ളതിനു തെളിവാണ് പീക്കിങ്ങിൻറെ ഈ പുതിയ നീക്കമെന്നും അഭിപ്രായപ്പെടുന്നു.

ടിബറിലെ ബുദ്ധമതക്കാരിൽ പീഡനവിഭാഗത്തിൻറെ ആസ്ഥാനവും അതിൻറെ സ്ഥാപകനായ ദോൺ–ഖ–പായുടെ ജന്മസ്ഥലവുമായ പീങ്ങ്ഹായി പ്രവിശ്യയിലെ ഗ്രംബുസന്യാസി മഠത്തിനു് മിന്നലേശാതിരിക്കത്തക്കവിധം സംരക്ഷണം നൽകിയിട്ടുണ്ടെന്ന് ഡിസംബർ 2–നു് ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്തു.

അലങ്കാരവസ്തുക്കൾക്കും ലോഹനിർമിതമേൽക്കൂരക്കും മിന്നലേശാതവിധം സംരക്ഷണം നൽകിയിട്ടുണ്ട്. 300 വർഷം പഴക്കമുള്ള ഈ സന്യാസിമഠം പലപ്പോഴും മിന്നൽ ബാധയ്ക്കിരയായിട്ടുണ്ട്.

'ജനാധിപത്യ പരിഷ്കരണ'ത്തിനു് സ്വാതന്ത്ര്യപ്രേമികളായ ഗോലോക്ക് ഗോത്രവർഗ്ഗക്കാർ, തങ്ങളുടെ വിമോചനത്തിനായി വർഷിച്ച ബോംബുകാരണമുണ്ടായതിനേക്കാൾ ധീരമായി പ്രതിരോധിച്ച് ന്യൂസ് ഏജൻസി വിശ്വസിപ്പിച്ചിരിക്കുന്നു.

ലാമാക്ക ശകാരം

കഴിഞ്ഞ എതാനും വർഷങ്ങളിലായി ലാസാ റേഡിയോ ദലൈലാമയെയും ശകാരിച്ചുവരുന്നുണ്ട്. അദ്ദേഹം ടിബറൻ വിപ്ലവത്തിൻറെ പ്രധാന നേതാവായിരുന്നെന്നും, ചിയാങ്ങ് കൈഷക്ക് ചൂടുപിടിത്തത്തിൻറെ ദാസനാണെന്നും ഒക്ടോബർ 3–നു ഒരു വക്താവ് വിവരിക്കുകയുണ്ടായി. വർഗ്ഗങ്ങളിലെത്തല്ലാം വർഗ്ഗസമരമുണ്ടായിരിക്കണമെന്നും ഇപ്പോഴത്തെ വർഗ്ഗസമരം പെറിയതോതിലുള്ളതും, സങ്കിണ്ണവും നിന്ദ്യനിലുള്ളതുമാണെന്നും ചിലപ്പോൾ സംഘർഷത്തിനും ഗൗരവമില്ലായ്മയും വഴിതെളിക്കുന്നതാണെന്നും ടിബറികാരെ രാഷ്ട്രീയപ്രേരിതമായ പ്രക്ഷോപണവും നടത്തുപ്പെട്ടു. പ്രതിലോമകാരികളും ഗവണ്മെന്റുകളുടെ വിരുദ്ധ ബുദ്ധമതവിശ്വാസികളും തഴച്ചു വളരുന്നിടത്തോളം കാലം ഇതു് നിലനിൽക്കുമെന്നും ശ്രോതാക്കളെ റേഡിയോ ബോധിപ്പിച്ചു.

ടിബറൻ അഭയാർത്ഥികളുടെയും നാട്ടുകാരുടേയും വിശ്വാസമാർജ്ജിക്കുൻ കഴിയാത്ത പീക്കിങ്ങ്, ടിബറിൻറെകാര്യത്തിൽ കാര്യമായൊരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്നു് റിപ്പോർട്ടുകൊണ്ടു കാണുന്നു. ഇയിടെ ലാസായിലും, അദ്ദേഹത്തിൻറെ അസാന്നിദ്ധ്യത്തിൽ തന്നെ അഭിമതനായിപ്പോന്ന പഞ്ചൻ ലാമയുടെ പ്രതിമ പ്രതിഷ്ഠിച്ചു. അതേസമയം ടിബറിൻറെ ആഭ്യന്തര സ്വയംഭരണത്തിനുള്ള പ്രിപ്പാരറേറി കമ്മറ്റിയുടെ ആക്ടിങ്ങ് പ്രസിഡണ്ടായി നിയമിക്കപ്പെട്ട പഞ്ചൻലാലായെ ആസ്ഥാനത്തുനിന്നു് നീക്കം ചെയ്തതായും റിപ്പോർട്ട് ചെയ്യപ്പെട്ടു.

—

ലെവൽ ക്രോസിങ്ങിനു് അനുമതി ലഭിച്ചു

ഫറോക്ക് ജനു. 5

ഫറോക്കിലെ വിവിധ സംഘടനകളുടേയും മാറാ നിവേദന ഫലമായി ഫറോക്ക്–കരുവൻതുരുത്തി റോഡിൽ കരുവൻതുരുത്തി റെയിൽവേ ക്രോസിങ്ങു്, ഫറോക്ക് പഞ്ചായത്തു് അതിൻറെ എല്ലാ സംരക്ഷണച്ചിലവുകളും വഹിക്കുവാൻ തയ്യാറാണെന്നുള്ള ഉറപ്പിന്മേൽ ഗവൺമെൻറ് നോമിനേറ്റ് ചെയ്തിരിക്കുന്നു.

ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർമാരുടെ നാമകരണം

ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർമാരായി നിയമിക്കപ്പെട്ടുന്നതിനു് തിരഞ്ഞെടുക്കപ്പെട്ട കെ. ജോസഫിനെ താനൂർ ബ്ലോക്കിലും സി. പി. മേനോൻ കുഞ്ഞഹമ്മദുകായയെ മഞ്ചേശ്വരം ബ്ലോക്കിലും പി. എ. ഇബ്രാഹിം കണ്ണൂർ ബ്ലോക്കിലും, വി. തൃഗരാജനെ പൊന്നാനി ബ്ലോക്കിലും, ജോൺ ഫിലിപ്പിനെ മല്ലപ്പള്ളി ബ്ലോക്കിലും, വി. ഗോപാലനെ കുന്നത്തൂരത്തി ബ്ലോക്കിലും, കെ. വി. നാരായണൻനായരെ കൊടുവള്ളി ബ്ലോക്കിലും, കെ. മാധവനെ ഉദുമ ബ്ലോക്കിലും, എ. എസ്. മാസ്റ്റുവനെ പള്ളുരുത്തി ബ്ലോക്കിലും, എസ്. ജനാർദ്ദനനെ മലപ്പുറം ബ്ലോക്കിലും, കെ. കെ. അബ്ദുറഹിമാനെ ആലങ്ങാട്ടും, എം. ഇബ്രാഹിംകുട്ടിയെ കാസർകോട്ടും, എം. ഗംഗാധരനെ മങ്കടയും, വി. മദനമോഹനപണ്ടാരിനെ ചെമ്പക്കുട്ടശ്ശേരിയിലും, സി. ആർ. നാരായണൻനായരെ ഭരണിക്കാവിലും, വി. ബാലനെ പെരിനൽമണ്ണയിലും, പി. എം. ജോണച്ചനെ കൊണ്ടോട്ടിയിലും, പി. എ. കുട്ടപ്പനെ പാമ്പാടിയിലും, പി. ഐ. താണുമ്മയെ ചുവപ്പാടിയിലും, മാർക്കോസ് ജോണിനെ വണ്ടൂരും, വി. ഠി. ജോസഫിനെ ഇരുമാറേപ്പോയിലും, എം. മസ്താൻകുണ്ടിനെ പാവക്കുളത്തും, മുഹമ്മദ് ഇസ്മായിനെ പള്ളുരുത്തിയിലും, സി. കെ. സദാശിവനെ ഹരിപ്പാട്ടും, ടി. പി. മുഹമ്മദിനെ ആയ്ക്കുട്ടും, രാമസ്വാമിപ്പിള്ളയെ എലത്തൂരും, പി. എ. ഗ്രീവർഗീസിനെ പാലക്കാടിലും, എം. നാരായണൻകുട്ടിയെ പുഴക്കലും ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർമാരായി നിയമിച്ചിരിക്കുന്നു.

ആക്ഷേപങ്ങളും ആവശ്യങ്ങളും

ഈ എർപ്പാട് ഇനിയെങ്കിലും മതിയാക്കരുതോ!

കട്ടപ്പനയിൽ റേഷൻകാർഡുകാരെ കബളിപ്പിച്ച് ന്യായവില ഡിപ്പോയും അനധികൃതവിൽപ്പനയും നടത്തുന്ന ഒരു പരിപാടി നടന്നുകൊണ്ടിരിക്കുകയാണല്ലോ. എന്നാൽ താലൂക്കാഫീസിൽനിന്നും പരസ്യപ്പെടുത്തിയ അറിയിപ്പിനു് വിപരീതമായി പല നീക്കങ്ങളും നടക്കുന്നതായി കേൾക്കുന്നു.

താലൂക്ക് കച്ചേരിയിലെ അറിയിപ്പിൽ 3–ാം ലിസ്റ്റിൽ "3–1–65ൽ തുടങ്ങുന്ന ആഴ്ചയിലെ അരി വാങ്ങിക്കുന്നതിനുവേണ്ടി കാർഡുടമസ്ഥന്മാർ അവരവർക്കിഷ്ടമുള്ള കടകളിൽ കാർഡ് രജിസ്റ്റർ ചെയ്യുന്നു" എന്നു പ്രഖ്യാപിക്കുന്നു. എന്നാൽ ഇപ്പോഴും 125 കാർഡിൽ കൂടുതൽ യാതൊരു കടകളിലും സ്വീകരിച്ചുകാണുന്നില്ല എന്നു് വീണ്ടും പറയുന്നു.

സാധുക്കൾക്ക് ഉടനടി വേണ്ടുന്ന ഭക്ഷ്യധാന്യങ്ങൾ ഇത്തരത്തിൽ വൈകിപ്പിക്കുന്നതിനു് ഇനിയെങ്കിലും ആരും കൂട്ടുനിൽക്കാതിരിക്കാൻ അധികൃതർ ശ്രദ്ധിച്ചാൽ നന്നായിരിക്കും.

എങ്ങനെ,
ജനുവരി 4 കെ. വി. മാത്യു.

പോടീക്കാൻ ആളില്ലെന്നോ?

തൃശൂർ മുൻസിപ്പാലിറ്റിയുടെയും പരിസരപ്രദേശങ്ങളിലും മലേറിയാ വ്യാപനം അതിഭയാനകമായിരിക്കുന്നു. മണ്ണുത്തി, പുഴയ്ക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ കഠിനമായിരിക്കുന്നതു് ഒരു സാധാരണസംഭവമായിരിക്കയാണ്. മുക്കും മൂലയുമുള്ള വീടുകളിൽ കൊതുകുനിവാരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനു് ഒരു ഡസനോളം ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ടെന്നാണ് പറയുന്നതു്. ഇവരിൽ കണ്ടക്ടർമാരുടെ നേരെ ഭീഷണിമുഴക്കിയും പൂപ്പാട്ട പാടിയും ലക്ഷം ലഗാണമില്ലാതെ ഠാഡികളെ മുഴുവൻ വണ്ടിയിൽ കയറ്റി മുൻസിപ്പൽ ജീപ്പ് രാത്രിസഞ്ചാരം നടത്തുന്നുമുണ്ട്. കണിശമായും തടയേണ്ടതാണ്. ജീപ്പ് ഡ്രൈവർമാരുടെ നേതൃത്വത്തിലാണ് 'ഗ്രേഡിങ്ങ് സമ്പ്രദായം' നടക്കുന്നതു്. ഇക്കഴിഞ്ഞ ദിവസങ്ങളിൽ നെല്ലിക്കുന്നിൽ ഉണ്ടായ തല്ലുകേസിൻറെ പിന്നിലും ഈ ഒരുദ്യോഗസ്ഥനായിരുന്നുവത്രെ നേതൃത്വം കൊടുത്തതു്. കൂടുതൽ രണ്ടുദിവസത്തിനുള്ളിൽ ഒരു ഒടുവിൽ ഗ്രാമത്തിലേക്കുള്ള നേരെ രണ്ടു ഡിസ്ട്രിക്ട് തൊറാച്ച് ജീപ്പ് കൊടുക്കുകയുണ്ടായിട്ടുണ്ടെന്നും അറിയുന്നു. ഇതുപോലെ പ്രധാനപ്പെട്ട ഒരു പകർച്ചവ്യാധിയുടെ കാര്യത്തിൽ ഒരു ഉദ്യോഗസ്ഥനും ഇത്രയും അശ്രദ്ധ കാണിക്കുന്നതു് ന്യായമല്ല. വലിയപോലുവരാത്ത ഒരു പ്രധാനിയും കൂടിയാണിതു്. ഈ റോഡ് കാര്യം മുനിസിപ്പാലിറ്റിയുടെ പരിഗണനയിലേക്കു വന്നിട്ടുണ്ട്. ആ നിലക്ക കൗൺസിൽ ഉടനെ ഇതു പാസ്സാക്കി കഴിയുംവേഗം പണി ആരംഭിക്കുവാൻ ആവശ്യമായ നടപടി എടുത്തുകാണുവാൻ താല്പര്യപ്പെടുന്നു.

തൃശൂർ ജ 5 കെ വി ഇട്ടൂര

തൃശൂർ ജില്ലയിലെ വിദ്യുച്ഛക്തി വികസനം 1,33,32,351 രൂപ ചിലവഴിക്കപ്പെട്ടു

തൃശൂർ ജനു. 5

തൃശൂർ ജില്ലയിൽ വിദ്യുച്ഛക്തി വികസനത്തിനുവേണ്ടി നവംബർ അവസാനംവരെയുള്ള നാലു സാമ്പത്തികവർഷത്തെ എട്ടുമാസത്തിനുള്ളിൽ 1,33,32,351 രൂ. ചിലവഴിക്കുകയുണ്ടായി. അതിൽ 1,24,67,397 രൂപയും ഷോളയാർ പ്രോജക്ടിനുവേണ്ടിയാണു് വിനിയോഗിച്ചതു്. വിദ്യുച്ഛക്തി വിതരണത്തിനുവേണ്ടി 8,64,954 രൂപയും ചിലവാക്കി.

—

വിധവാ പെൻഷൻ

തൃശൂർ ജനു. 5

ഡിസംബർ മാസത്തിൽ അവസ്സാനിച്ച വർഷത്തിൽ തൃശൂർ ജില്ലയിൽ നിരാലംബരായ 462 വിധവകൾക്കു ജില്ലാകലക്ടർ പെൻഷൻ അനുവദിക്കുകയുണ്ടായി. ഡിസംബർ മാസത്തിൽ 27 പേർക്കാണു് ഈ പെൻഷൻ അനുവദിച്ചതു്.

—

അംഗവൈകല്യം വന്ന വർക്കു സഹായം

തൃശൂർ ജനു. 5

കഴിഞ്ഞവർഷം തൃശൂർ ജില്ലയിൽ അംഗവൈകല്യംവന്ന 33 നിരാലംബർക്കു ജില്ലാ കലക്ടർ സഹായധനം അനുവദിച്ചു.

പതിനാറടിയന്തിരം

പുത്തൂർ ജനു. 5

വാഴൂട്ടിൽ രാമൻറെ പതിനാറടിയന്തിരം അതികേമമായി കൊണ്ടാടിയിരിക്കുന്നു. സ്വ ലേ

'സ്റ്റാംപവ്വർ പ്ലാൻ' സംബന്ധിച്ച സിമ്പോസിയം ഡൽഹിയിൽ ആരംഭിച്ചു

ന്യൂഡൽഹി, ജനു. 4

'സ്റ്റാംപവ്വർ സ്റ്റേഷൻ' സംബന്ധിച്ച് ഒരു അന്താരാഷ്ട്രീയ സിമ്പോസിയം ഇന്നു് ഇവിടെ ആരംഭിച്ചിരിക്കുന്നു. സിമ്പോസിയം അഞ്ചുദിവസം നീണ്ടുനിൽക്കും. വിദ്യുച്ഛക്തിയും നദീതടവികസനവും സംബന്ധിച്ച ഇന്ത്യൻ ജണ്ടിലിൻറെയും കേന്ദ്ര ജലസേചന–വിദ്യുച്ഛക്തി ബോർഡിൻറെയും സംയുക്തമായ മുഖ്യത്വത്തിലാണു് ഈ സിമ്പോസിയം നടത്തുന്നതു്.

സിമ്പോസിയത്തിൽ ഈ രംഗത്തെ അന്താരാഷ്ട്രീയ വിദഗ്ധന്മാർ തയ്യാറാക്കിയ ഗ്രന്ഥങ്ങൾ പ്രബന്ധങ്ങൾ വായിക്കുന്നതാണു്. പ്രബന്ധകർത്താക്കളിൽ അമേരിക്ക, കാനഡ, ബ്രിട്ടൻ, ഫ്രാൻസ്, ബൽജിയം, സ്വിറ്റ്സർലൻഡ്, പശ്ചിമജർമ്മനി, സ്വിറ്റ്സർലാണ്ട്, പോളണ്ട്, ചെക്കോസ്ലോവാക്യിയ എന്നീ രാജ്യങ്ങളിൽനിന്നുള്ളവരുമുൾപ്പെടുന്നു. സ്റ്റാംപവ്വർ പ്ലാന്റിൻറെ എല്ലാവശങ്ങളെക്കുറിച്ചും സിമ്പോസിയത്തിൽ ചർച്ചചെയ്യുന്നതാണു്.

വൈവാഹികം

മറിയാമ്മ – ചാക്കോ

പാമ്പാടി ജനു. 4

ചിറാറിലപ്പള്ളി കന്നുത്തു് ചാക്കോ (സി. സി. പാക്കേജസ്റ്റർ) വിൻറെ പുത്രൻ ചാക്കോയും തൃശൂർ പനകം ഇനാശ്രീവിൻറെ പുത്രി കുമാരി മറിയാമ്മയും തമ്മിലുള്ള വിവാഹം ഇന്നു് കാലത്തു 8 മണിക്ക പ്രാർത്ഥനയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

....

ഡൽഹിയിലെ പഴയ കോട്ട ഇടിയുന്നു

ന്യൂഡൽഹി ജനു. 5

ഇവിടത്തെ മുഗൾഭരണകാലത്തെ അവശേഷിപ്പായ പഴയ കോട്ടയുടെ പല ഭാഗങ്ങളിലായി കഴിഞ്ഞ അധികം ഭാഗം ഇടിഞ്ഞുവീണിരിക്കുന്ന പുരാവസ്തുഗവേഷണവകുപ്പിൻറെ ഭരണത്തിൽ പരിശിഷ്ടമുള്ള ഈ കോട്ട സന്ദർശിക്കുവാൻ ധാരാളം ആളുകൾ വരുന്നുണ്ടു്. അതിനാൽ അപകടം ഒഴിവാക്കുന്നതിനു് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനു് അധികാരികൾ അനുമതി വേണ്ടിയിരിക്കുന്ന മുഗൾഭരണകാലത്തെ ചുവർചിത്രങ്ങളും മറ്റും വെച്ചു പിടിപ്പിച്ചിട്ടുള്ളതു്. കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി 12 വിശേഷപ്പെട്ട തത്തകളെ കൂട്ടിലാക്കി വയ്ക്കുകയും ചെയ്തിട്ടുണ്ടു്. പകലാണു് കോട്ട ഇടിഞ്ഞുവീണതു്. അതിനാൽ തത്തകളെ രക്ഷപ്പെടുത്തുവാൻ കഴിഞ്ഞു എങ്കിലും അവയെ കൂട്ടിലാക്കി സന്ദർശകർക്കു കാണുവാൻ വയ്ക്കുന്നതിനെതിരായി മൃഗസംരക്ഷണപ്രവർത്തകർ പ്രതിഷേധിച്ചിട്ടുണ്ടു്. തത്തകളെ സ്വതന്ത്രമായി പറക്കുവാൻ അനുവദിക്കണമെന്നാണു് അവർ ആവശ്യപ്പെടുന്നതു്.

—

തലസ്ഥാന വാർത്തകൾ

(സ്വന്തം ലേഖകൻ) ജനുവരി, 3

ജോയിന്റ് ഡവലപ്പ്മെൻറ് കമ്മീഷണർ എസ്. പത്മകുമാർ ജനുവരി 11–നും മഞ്ചേരി ബ്ലോക്കും, 13–നും ചിറ്റാറ ബ്ലോ

ഭാവി ഗവർമ്മെണ്ടിനെ പറ്റി ഒരു അഭിപ്രായം

സപ്ലൈ ഓഫീസിലെ വകുപ്പിൽ കൊള്ള

കൊല്ലം, ജനു 6

ഭക്ഷ്യധാന്യ വിതരണത്തിനുള്ള അതോറിട്ടി നൽകുന്നതിൽ ഗുരുതരവ്യവഹാരമായ അഴിമതികളും കൃത്രിമങ്ങളും കാണിച്ചുതിനു് തിരുവനന്തപുരം സപ്ലൈ ഓഫീസിലെ ചില ഉദ്യോഗസ്ഥന്മാർ നടപടിക്രമ വിധേയരായിരിക്കുന്നതായറിയുന്നു.

ഡി എസ് ഓയുടെ അന്വേഷണ തിന്നേലാണു് അഴിമതികാര്യം കണ്ടുപിടിക്കപ്പെട്ടതു്. ചില ന്യായവിലഡിപ്പോക്കാരും ഇതു ക്ലിക്കിനെതിരെ ചേർന്നു് കൃത്രിമമായി അപേക്ഷകളും അതിന്മേൽ അതോറിട്ടി അനുവദിക്കലും നടത്തുകയും

WANTED a T. T. C. holder within age limits for a M. L. Vacancy in Jenakeeya Patasala, Trichur (staff managed) from 5_1_'65. Retired hands below 59 may also apply. Apply within 10 days by Regd. post to the Manager with a copy to A. E. O. Trichur (West).

WANTED fully qualified hands within prescribed age limit for appointment in maternity leave vacancy under the management of the L P Section of Pompei St Mary's High School Kattur L P S A-2. Retired qualified teachers below 59 years may also apply Apply within 10 days by registered post to the Manager with copy to the A E O. Irinjalakuda

---

WANTED two S. S L C trained hand within prescribed age limits for appointment as U P S A in short leave vacancies in the scale of 40_120 under the management of Sr. Seraphia, manager, L F G H S. Chelakara. Retired teachers below 59 years may also apply. Apply within 10 days by regd. post to the manager with copies to the D. E O Chowghat

---

WANTED a fully qualified hand within prescribed age limits for appointment in St Mary's G H School Kuzhikkattusari as H. S. A Mathematics in a short leave vacancy. Retired qualified teachers below 59 may also apply. Apply within 10 days by regd. post to the manager St. Mary's G H S. Kuzhikkattusari with a copy to the D E O Irinjalakuda.

WANTED an H. S. A. fully qualified within age limits to teach Physical Science for a leave vacancy of two months Retired hands within 59 years of age are also eligible Apply within 10 days by registered post to the Manager, St. Thomas' College High School, Trichur with copy to D. E. O Trichur.

WANTED a fully qualified hand within prescribed age limits for the appointment under the Management in the P. C. G H. School, Vellikulangara, P. O. Vellikulangara as U. P. S. A in a leave vacancy of 3 months duration. Retired qualified teachers below 59 years may also apply Apply within 10 days by regd post to the Manager with copies to the D. E. O Irinjalakuda.

WANTED a trained graduate in Social studies as H S. A in the scale of Rs. 80_165 and an S S L C., T. T. C. as M S A in the scale of Rs. 40_120, within prescribed age limits for appointment under the management of A. H. S. Varandarapilly in Maternity leave vacancies from 18_1_65. Retired qualified hands below 59 years may also apply. Apply within ten days by registered post to the Manager with copy to the D. E. O. Trichur.

WANTED two T. T. C. hands within prescribed age limit for appointment in St. Sebastians U. P. S Kutticad as L. P. Assistants on short leave vacancies. Retired hands below the age of 59 may also apply. Apply within ten days by regd. post to the Manager with copy to A. E. O. Chalakudy.

തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലം പരിഗണനയോടൊപ്പം കേരളത്തിന്റെ ഭാവിഭരണരൂപത്തെ സംബന്ധിക്കുന്ന ഒന്നുമാത്രമാണ് മാറാം വന്നുകൊണ്ടിരിക്കുകയാണ്. പല അടിയൊഴുക്കുകളും ഇതിനു പ്രേരകമായി വർത്തിക്കുന്നുണ്ട്. അവയിലേക്ക് ഇപ്പോഴുന്നതിനു മുമ്പായി, ആദ്യമായി പറഞ്ഞുവെക്കേണ്ട കാര്യം, ഏതൊരു കക്ഷിയായാലും ശരി ഒരൊറ്റകക്ഷിയുടെ ഭരണത്തിനു മാത്രമേ കേരളത്തെ സംബന്ധിച്ചേടത്തോളം ഫലപ്രദമായ പ്രായോഗികതലവും നിലയിൽപ്പും നേടുവാൻ കഴിയുകയുള്ളുവെന്ന നിലയിലേക്ക് കേരളത്തിന്റെ പൊതുരാഷ്ട്രീയം ഇപ്പോൾ നീങ്ങിയിട്ടുണ്ടെന്നതാണ്.

കോൺഗ്രസ്സോ, കമ്മ്യൂണിസ്റ്റ് പാർട്ടിയോ, എസ്. എസ്. പി. യോ, ആർ. എസ്. പി. യോ, കർഷകതൊഴിലാളി പാർട്ടിയോ—ഇവയിൽ ഏതെങ്കിലുമൊരു കക്ഷി—ഒരൊറ്റകക്ഷിയുടെ ഭരണത്തിനു മാത്രമേ പ്രസക്തിയുള്ളു. അതിനാവശ്യമായ ഭൂരിപക്ഷം നേടുകയെന്നതാണ് ഓരോ പാർട്ടിയുടേയും തന്നതായ പ്രശ്നമാണ്. യാതൊരു കക്ഷിക്കും അത്തരത്തിലുള്ള ഒരു ഭൂരിപക്ഷം നേടുവാൻ സാധിക്കുന്നില്ലെങ്കിൽ അതിന്റെ അഭാവം അവ വിറവ വീതിച്ചെടുക്കുകയുമാണ് കണ്ടുപിടിക്കപ്പെട്ട അഴിമതികാര്യം. അപ്പോൾ എന്നുള്ളതാണ് അന്വേഷണത്തിനു തീരുമാനിച്ചിട്ടുള്ള രണ്ടു കുറ്റങ്ങളിലൊന്ന്. യഥാർത്ഥ അപേക്ഷകരിൽ പലർക്കും പഞ്ചസാരയോ, ഗോതമ്പോ ലഭിക്കാതിരിക്കുകയും, എന്നാൽ അതേ അപേക്ഷതന്നെ അനുവദിച്ച പഞ്ചസാരയും ഗോതമ്പും മാറം ഇപ്പോൾ ക്ലാക്കന്മാരും ചില കടക്കാരും ചേർന്ന തട്ടിയെടുക്കുകയും ചെയ്തതായിപല രോപണങ്ങളുമുണ്ടായിട്ടുണ്ട്. രേഷൻകൺസ്യൂമർസ്റ്റോറിൽ ചെല്ലുന്ന പല പാവപ്പെട്ടകടക്കാരും അതോറിട്ടികളും ഇതുത്തിലുള്ളതാണെന്നു പറയുന്നു. ഇങ്ങനെയുള്ള നിരവധി പരാതികളുടെ അടിസ്ഥാനപ്പെടുത്തി നടത്തിയ അന്വേഷണത്തിന്റെയാണ് ആക്ഷേപങ്ങൾ പലതും സത്യമാണെന്നു ബോധ്യപ്പെടുകയും ഇതിന്മേൽ നടപടികളെടുക്കുകയുമാണുണ്ടായിട്ടുള്ളതു്.

താലൂക്ക് സപ്ലൈ ആഫീസറെപ്പോലും ഇത്തരം നിരവധി പരാതികളുണ്ട്. പാവപ്പെട്ടവരുടെ റേഷൻ കാണിച്ചു തട്ടിപ്പറിക്കുകയും ഡി എസ് ഓയുടെ പരിശോധനയിൽ ബോധ്യപ്പെട്ടതിരിക്കാൻവേണ്ട കൃത്രിമോപദേശങ്ങൾ കൊടുത്തു തിരുത്തിച്ചതായി ഇയ ഉദ്യോഗസ്ഥന്റെ പേരിൽ ആരോപണമുണ്ട്.

ഇതുപുറത്തു് ഒരു ഡിപ്പോയുടെ ലൈസൻസ് സസ്പെൻഡുചെയ്തുകൊണ്ടുള്ള നോട്ടീസ് ഡി എസ് ഓ, ഠഠി. എസ്. ഓ യ്ക്കു അയച്ചു കഴിഞ്ഞിട്ടും ആ നോട്ടീസ് ഠഠി എസ് ഓ ഡിപ്പോ ഉടമക്ക് കൊടുത്തില്ലെന്നാരോപിച്ചിരിക്കുന്നു. മാത്രമല്ല ഠഠി എസ് ഓ വെടിപ്പുകളുടെ രാജാക്കന്മാരായ ചിലരുമായുള്ള അവിഹിതമായ ബന്ധങ്ങളും പുലർത്തുന്നുമുണ്ടത്രെ. (ജനയുഗം)

മാർക്കറ്റ്

(ജനുവരി 6 ബുധൻ)

	തൃശ്ശൂർ	ആലപ്പുഴ	കൊച്ചി
കൊപ്ര (കിന്നാങ്ങ്)	826 50	315_00	322 50
" (ചിരട്ടയില്ലാതെ)	.....	310_75	305 50
" (ചിരട്ടയോടുകൂടി)	.....	303_00	219_20
വെളിച്ചെണ്ണ	217_50	215_00	.....
" അരിച്ചത്	.....	220_00	.....
പിണ്ണാക്ക്	62 00	57_00	60_00
ഉണ്ടമുളക്	.....	433_25	275 00
" (മുളകുപൊടി)	.....	430_00	317_50
കുരുമുളക്	400_00	436_00	467_50
" (ചുവപ്പു തരം)	.....	350_00	.....
" (കറുത്തതരം)	.....	150_00	.....
കുന്നി	250_00	.....	325 00
മഞ്ഞൾ	125_00	125_00	110_00
ഇഞ്ചി	.....	.....	525_00
കടലപ്പരിപ്പ് (20 കിലോ)	115_40	.....	.....
കിഴിപ്പരിപ്പ്	140_50	.....	.....
അരി ജയ [50 കിലോ]	280_50	.....	.....
" ഗുരുവായൂർ	400_15	.....	.....
പുഴുക്കലരി	110_00	.....	110_00
പച്ചരി	.....	.....	.....
ഉഴുന്നുപരിപ്പ്	.....	.....	.....
" (ഡി. മ)	.....	.....	.....
തുവരപ്പരിപ്പ്	.....	.....	.....
മുതിര (കറുത്തത്)	.....	.....	.....
" (ചുവന്നത്)	.....	120_00	.....
ചെറുപയർ	.....	115_00	.....

എ. ഡി. ജോസഫ്

മന്ത്രിസഭ ഏതൊരു പക്ഷത്തിന്റെ ജയിലും ശരി, ആവിർഭവനിമിഷത്തിൽത്തന്നെ അതിന്റെ ആയുസ്സിന്റെ നീളം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞുവെന്നതു് നമ്മുടെ രാഷ്ട്രീയത്തിന്റെ ഒരു പൊതുസ്വഭാവമാണ്. കാരണം ആഭ്യന്തരമായിത്തന്നെ ജാതീയ താല്പര്യങ്ങളെ കേന്ദ്രീകരിക്കുവാൻ അതിനു കഴിയുന്നില്ല. അങ്ങിനെ വരുമ്പോൾ പുറംതാലിയിൽമാത്രം പൊതിഞ്ഞിട്ടുള്ള ഒരു ഐക്യസംരംഭത്തിനു ജനാഭിലാഷങ്ങളെ പുണ്ണുമായി ഉള്ളിലേക്ക് വലിക്കുവാൻ കഴിയാതെ പോകുന്നു. ഈ സംരംഭത്തിന്റെ ആന്തരികമായ ദൌർബ്ബല്യം അവിടെയാണ് കാണുന്നതു്.

അരാസ്റ്റുകളുടെ പ്രത്യാഘാതം

മുന്നണി സംരംഭത്തെ ഉലച്ചിട്ടുള്ളതു് ഇടതുപക്ഷകമ്മ്യൂണിസ്റ്റുകാരുടെ കൂട്ട അറസ്റ്റാണു്. ഈ സംഭവവികാസത്തെ മുൻനിർത്തി വലതുപക്ഷവും, ഇടതു് പക്ഷവും തമ്മിലുള്ള വിടവ് വർദ്ധിക്കുവാനാണ് സാദ്ധ്യത. ഈ കൂട്ടഅറസ്റ്റിന്റെ പിന്നിൽ കമ്മ്യൂണിസ്റ്റ് വലതുപക്ഷത്തിന്റെ കരങ്ങളെ കണ്ടു വിച്ചിരിക്കുന്നതായി ഇടതുപക്ഷം സംശയിക്കുക മാത്രമല്ല; ആ സംശയം അവർ പരസ്യമായി പ്രകടിപ്പിക്കുവാനും ഇടങ്ങിയിട്ടുണ്ടു്. ഇതിന്റെ ഫലമായി കൂടുതൽ രൂക്ഷതയോടെ തലപൊക്കുന്ന സംഘർഷം ഇടതുപക്ഷങ്ങളേയും ഏതൊരു പ്രശ്നത്തിന്റെ അടിസ്ഥാനത്തിലായാലും ശരി ഒരിക്കലും അടുപ്പിക്കാത്ത നിലയിലേക്ക് നീങ്ങിപ്പോകുന്നതിനാണ് വഴി.

ഈ സ്ഥിതിവിശേഷം, ഏതെങ്കിലുമൊരു പക്ഷത്തിൽ ഏതാണ്ടെങ്കിലും കക്ഷികൾ യോജിച്ച് മന്ത്രിസഭയുണ്ടാക്കുന്നതിനു തടസ്സമുണ്ടാക്കുമെന്നോ, അതിനുശേഷം ഒരു മന്ത്രിസഭ ഗവണ്മെണ്ടു് രൂപീകരിക്കുമെന്നോ ഉള്ള വിശ്വാസത്തെ ശക്തിയായി ഉലച്ചിരിക്കുകയാണ്. അതിന്റെ അനിവാര്യ ഫലമായി ജനകീയ പ്രത്യുഘാതമുണ്ടാകട്ടെ. ഒരു കൂട്ടമന്ത്രിസഭക്കെതിരായി തിരിയുന്നു; ഏതൊരു കക്ഷിയുടെയും ഭരണമാണ് അഭിലഷണീയമെന്ന ചിന്താഗതിയിലേക്ക് ജനങ്ങളെ എത്തുകയും ചെയ്യുന്നു. കാരണം അധികാരത്തിലിരിക്കുന്ന ഒരൊറ്റകക്ഷിയുടെ നേരെനിന്നു് ജനങ്ങൾക്ക് അവരുടെ അവകാശങ്ങൾക്കുവേണ്ടി പടവെട്ടാനാവില്ലാ.

ഹിന്ദിപരീക്ഷകൾക്കു് 6 മാസത്തേയ്ക്കുകൂടി അംഗീകാരം ലഭിച്ചു

ന്യൂഡൽഹി, ജ. 5

മൂന്നു് സന്നദ്ധ ഹിന്ദിസംഘടനകൾ നടത്തുന്ന പരീക്ഷകൾക്കു് 1965 ജനുവരി 1 മുതൽ 6 മാസത്തേക്കു കൂടി താല്ക്കാലികമായി ഇന്ത്യാഗവണ്മെണ്ടു് അംഗീകാരംനൽകിയിരിക്കുന്നു.

മൈസൂർ ഹിന്ദിപ്രചാരപരിഷത്തു്, (ബാംഗ്ലൂർ) നടത്തുന്ന പ്രവേശ്, ഉത്തമ, രത്ന എന്നിപരീക്ഷകൾ യഥാക്രമം എസ്. എസ്, എൽ. സി. ഇന്റർ ബി. എ എന്നിപരീക്ഷകളോടും കേരള ഹിന്ദിപ്രചാരസഭ (തിരുവനന്തപുരം) നടത്തുന്ന പ്രവേശ്, ഭൂഷൺ എന്നിപരീക്ഷകൾ യഥാക്രമം എസ്. എസ്. എൽ. സി. ഇന്റർ എന്നിപരീക്ഷകളോടും ഹിന്ദിവിദ്യാപീഠ്, [ദേവ്ഘർ] നടത്തുന്ന പ്രവേശിക, സാഹിത്യപ്രവേശ്, സാഹിത്യരത്നം എന്നിപരീക്ഷകൾ യഥാക്രമം എസ്. എസ്. എൽ. സി, ഇന്റർ ബി എ എന്നി പരീക്ഷകളോടും തുല്യമായിരിക്കും.

★

കണ്ണക്കുട്ടൻതമ്പുരാൻ മെമ്മോറിയൽ കോളേജ് അടുത്ത അദ്ധ്യയനവർഷം മുതൽ ആരംഭിക്കുന്നു

(സ.പ ലേ) കൊട്ടാരക്കര, ജനു. 5

കൊട്ടാരക്കര കണ്ണക്കുട്ടൻതമ്പുരാൻ ജന്മശതവാർഷികാഘോഷ സമാപനദിവസത്തിൽ തമ്പുരാൻ സ്മരണയെ ശാശ്വതീകരിക്കുന്നതിനായി ഒരു കോളേജ് തുടങ്ങണമെന്ന തീരുമാനിക്കുകയും അതിന്റെ പ്രവർത്തനത്തിനായി ഒരു കോളേജ്കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നുവല്ലോ. പൊതുജനങ്ങളുടെ അനുകൂലസഹകരണത്തിന്റെ ഫലമായി കോളേജ് കമ്മറ്റിക്കാർ ഇതിനകം തന്നെ അവരുടെ പ്രവർത്തനങ്ങളിൽ വളരെയധികം മുന്നോട്ടുപോയിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിരിക്കുന്നു. പല്ലുറ്റാ് വില്ലേജിൽ 25 ഏക്കർ സ്ഥലം ഇതുത്തു കഴിഞ്ഞു. അടുത്ത അദ്ധ്യയനവർഷം മുതൽക്കുതന്നെ കോളേജ് ആരംഭിക്കുന്നതിനുള്ള ദൃതഗതിയിൽപ്രവർത്തനങ്ങളും നിങ്ങുകയാണ്. ഈവ്യവസ്ഥം ജൂനിയർകോളേജ് എന്ന നിലയിലായിരിക്കും തുടങ്ങുക. എന്നാൽ രണ്ടാംകൊല്ലം അണ്ട് ഡിഗ്രി കോളേജായി ഉയർത്തുന്നതായിരിക്കും. കണ്ണക്കുട്ടൻതമ്പുരാനോ സ്മരണ നിലനിർത്തുന്നതിനായി അദ്ധ്യയനമാധ്യമത്തിനും, മലയാളത്തിനുമാണ് കെ.കുഞ്ഞക്കയനും കോളേജ് കമ്മറ്റി ചെയർമാൻ ഒരു അഭിമുഖസംഭാഷണമദ്ധ്യേ പറയുകയുണ്ടായി. കോളേജ്ഫണ്ടിൽ 1 ലക്ഷം കൂ ഇതിനകം തന്നെ ലഭിച്ചു കഴിഞ്ഞു. 5 ലക്ഷം രൂ. യാണ് ഈ കോളേജ് ഫണ്ടിലേക്ക്പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്ന സംഖ്യ. 101 അംഗങ്ങളുള്ള ഒരു പൊതുസഭ 51 അംഗങ്ങളുള്ള ഒരു ഭരണസഭ, 21 അംഗങ്ങളുള്ള ഒരു പ്രവർത്തകസമിതി എന്നീ 3 മണ്ഡലങ്ങളായി പ്രവർത്തിക്കുന്ന 'കൊട്ടാരക്കര കണ്ണക്കുട്ടൻതമ്പുരാൻ സ്മാരക കോളേജ്' സൊസൈറ്റിയായിരിക്കും ഇതിന്റെ ഭരണനിർവ്വാഹകസമിതി.

പണിമുടക്കിയാൽ ശിക്ഷാനടപടികൾ എടുക്കും

എൻ. ജി. ഒ. മാർക്ക് ഗവണ്മെണ്ടിന്റെ താക്കീതു്

(പി ടി ഐ) തിരുവനന്തപുരം, ജനു 6

പണിമുടക്കുകയോ, അല്ലെങ്കിൽ അണ്ട്പോലുള്ള സംഘടിത അച്ചടക്കരഹിതസംരംഭത്തിൽ ഉൾപ്പെടുകയോ ചെയ്യുന്ന ഏതൊരു ഗവണ്മെണ്ട് ജീവനക്കാരനും സ്വീസ് ചട്ടങ്ങൾപ്രകാരവും, രാജ്യരക്ഷാനിയമപ്രകാരവുള്ള ശിക്ഷാനടപടികളെ നേരിടേണ്ടിവരുമെന്നു് കേരള ഗവണ്മെണ്ട് ഇന്നു മുന്നറിയിപ്പു് നൽകിയിരിക്കുന്നു.

കേരളത്തിലെ ഒരു വിഭാഗം എൻ. ജി. ഒ മാർ ഒരു പണിമുടക്കിനു് വട്ടം കൂട്ടുന്നതിനെതിരെ വെളിപ്പെടുത്തിലാണ് ഈ താക്കീതു് വന്നിട്ടുള്ളതു്. അവരുടെ ആവശ്യം മാസത്തിൽ 25 ക. ഇടക്കാലാശ്വാസമായി കിട്ടണമെന്നാണ്. തങ്ങളുടെ ശമ്പളനിർണ്ണയകാര്യം പുനഃപരിശോധന ചെയ്യുവാൻ ഒരു ശമ്പളകമ്മീഷനെ നിയമിക്കണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ഗവണ്മെണ്ട് ഒരു ശമ്പളക്കമ്മീഷനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നു് ഗവണ്മെണ്ടിന്റെ പത്രക്കുറിപ്പിൽ പറയുന്നു. മാത്രമല്ല എൻ. ജി. ഒ. മാരുടെ ആവശ്യങ്ങളെ സംബന്ധിച്ചു് സാന്ഥാനഗവണ്മെണ്ടു് കേന്ദ്രവുമായി നിരന്തര സമ്പർക്കം പുലർത്തുന്നുമുണ്ടു്. ഇതെല്ലാം കാണിക്കുന്നതു് അവരുടെ ന്യായമായ ആവശ്യങ്ങളും ഗവണ്മെണ്ടിന്റെ അനുഭാവപൂർവ്വമായ പരിഗണനയിൽ ഇരിക്കുന്നുവെന്നാണു്.

ഇന്ത്യൻ പ്രോജക്ടുകൾ നടപ്പാക്കുന്നു

നോട്ടിങ്ങാം നിവാസികളുടെ പ്ലാൻ

ലണ്ടൻ, ജനുവരി 6

2000_ൽപരം ഇന്ത്യാക്കാർ അധിവസിക്കുന്ന നോട്ടിങ്ങാം, "വിശപ്പിൽനിന്നുള്ള വിമോചനം" എന്ന പ്രസ്ഥാനത്തിനു് വിധേയമായി ഇന്ത്യയിൽ ഒരു പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നു. "ഞങ്ങളുടെ ഈ സംരംഭം നഗരത്തിലെ ഇന്ത്യാക്കാരെ രൂപപ്പെടുത്തുകയെന്ന പ്രതീക്ഷിക്കുന്നു" എന്നാണ് സ്ഥലത്തെ പ്രചരണ സമിതിയുടെ പെയർമാൻ സി. എൽ. ദോവൻതാനും പറഞ്ഞതു്.

നോട്ടിങ്ങാമിൽ റിപ്പബ്ലിക്ക് ദിനമായ ജനുവരി 26_ന് വേളയിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ ഡോ. ജീവ്രാജ് മെഹ്ത്തയെ പ്രോജക്ടിനുള്ള പണം ഏല്പിച്ചുകൊടുക്കും.

നഗരം ഇയിടെ ആഫ്രിക്കയിലെ ഒരു പരിപാടിക്ക് 40,000 പവൻ സംഭാവന ചെയ്യുകയുണ്ടായി. സാംബിയയിലെ കരിബാദാമകത്തിന്റെ തീരത്തുള്ള മുക്കുവരെ പരിശീലിപ്പിക്കുന്ന ഒരു പദ്ധതിയായിരുന്നു ഇതു്. സാംബിയാ പദ്ധതിക്ക് നോട്ടിങ്ങാമിലെ ഇന്ത്യാക്കാരും സംഭാവന നൽകിയിരുന്നു.

_0_

അഡ്വൈസറുടെ യാത്രാപരിപാടി

സ.പ ലേ പാലക്കാടു്, ജ. 6

അഡ്വൈസർ ശ്രീ. ആർ പ്രസാദ് ജനുവരി 7_നു തിരിയതി തൃശ്ശൂരിൽനിന്നും രാവിലെ പത്തരമണിക്കു് മണ്ണാർക്കാടുത്തുന്നതും അവിടെനിന്നു് മുക്കാളി ഭാഗത്തുള്ള പ്രോജക്ടു് അഗളി എന്നിവ സന്ദർശിച്ചുശേഷം രാത്രി എട്ടരമണിയോടെ കൂടി മണ്ണാർക്കാടുത്തു് തിരിച്ചെത്തുന്നതുമാണ്. പിറ്റേന്നു രാവിലെ പത്തരമണിക്കു് മണ്ണാർക്കാടുനിന്നും ആരംഭിക്കുന്ന ഔദ്യോഗിക പരിപാടികൾ പൂർത്തിയാക്കിയശേഷം അന്നുതന്നെ തിരിച്ചുപോകുന്നതായിരിക്കും.

പാക്കേജ് പരിശീലന ക്യാമ്പു് ചിറ്റൂരിൽ

(സ.പ ലേ) പാലക്കാടു്, ജ 6

ചിറ്റൂർ ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ജനുവരി 9, 10 തീയതികളിൽ ചിറ്റൂർ വിക്ടോറിയാ ഗവ: ഗേൾസ് ഹൈസ്കൂളിൽവച്ചു് ഒരു പാക്കേജ് പരിശീലനക്യാമ്പു് നടത്തപ്പെടുന്നതാണു്, തിരഞ്ഞെടുക്കപ്പെട്ട അമ്പതോളം കൃഷിക്കാർക്കു് പക്കേജു് പദ്ധതിയുടെ വിശദാംശങ്ങളെകുറിച്ചൊരു പരിശീലനം നല്കുകയെന്നതാണു് ക്യാമ്പിന്റെ ഉദ്ദേശം. പ്രസ്തുത ക്യാമ്പിൽ ബ്ലോക്കിലെ കൃഷിസമിതിനിലെ എല്ലാ അദ്ധ്യാഗസ്ഥന്മാരും ബ്ലോക്ക് മേലയിലുള്ളസ്റ്റാഫ്സ് സഹകരണസംഘങ്ങളുടെ പ്രതിനിധികളും പങ്കെടുക്കുന്നതാണു്. ക്യാമ്പിന്റെ ഉൽഘാടനം 9_നു രാവിലെ 9 മണിയ്ക്കു് പാലക്കാടു് ആർ. ഡി. ഒ ശ്രീ വി. കെ. ബാലകൃഷ്ണമേനോൻ നിർവ്വഹിക്കും. 10_നു വൈകുന്നേരം കൂടുന്ന സമാപനയോഗത്തിൽ ജില്ലാ കലക്ടറുടെ പേർസണൽ അസിസ്റ്റന്റ് ശ്രീ. ജി. അച്യുതമേനോൻ അദ്ധ്യക്ഷം വഹിയ്ക്കുന്നതും ശ്രീ കെ. എ. ശിവരാമഭാരതി, കഞ്ചൻനമ്പ്യാരുടെ ഭാഷയിലുള്ള പ്രസംഗിക്കുന്നതുമാണു്. യോഗാനന്തരം സിനിമാപ്രദർശനവും ഉണ്ടായിരിക്കും.

കെട്ടിത്തൂങ്ങിമരിച്ചു

(സ.പ. ലേ) ചാവക്കാടു് ജനു. 4

ചക്കംകണ്ടം ദേശത്തുകാരിയായ ലീല [28] എന്ന സ്ത്രീ കെട്ടിത്തൂങ്ങി മരിച്ചനിലയിൽ കാണപ്പെട്ടിരിക്കുന്നു.

ജനാധിപത്യകക്ഷികൾ കഠിനയോജിക്കണം

കോട്ടയത്തു് ചേർന്ന ക്രിസ്ത്യൻ ബിഷപ്സ് കോൺഫറൻസിന്റെ അഭിപ്രായം

(സ.പ ലേ) കോട്ടയം, ജനു. 6

കേരളത്തിൽ അടുത്തുതന്നെ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ജനാധിപത്യകക്ഷികളെല്ലാം കഠിനമായി യോജിച്ചുനില്ക്കണമെന്നും ബന്ധപ്പെട്ടവർ ഇക്കാര്യം സാധ്യമാക്കുന്നതിനുവേണ്ടി അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും ഇന്നലെ കോട്ടയം കാതലിക് ബിഷപ്സ് ഹൌസിൽ കൂടിയ ക്രിസ്ത്യൻ ബിഷപ്പന്മാരുടെ യോഗം അഭിപ്രായപ്പെട്ടിരിക്കുന്നു.

വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനി യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചങ്ങനാശ്ശേരി, തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനിമാരും തിരുവനന്തപുരം, പാലാ, വിജയപുരം, ആലപ്പുഴ തിരുവല്ലാ, കോട്ടയം മെത്രാന്മാരും എറണാകുളം, വരാപ്പുഴ വികാരി ജനറൽ മാരും മറ്റേതാണ്ടും വലിയ മെത്രാപ്പോലീത്താ, തോമ്മസ് മാർ അത്തനാസ്യോസ്, പെരലോസ് മാർ പീലക്സിനോസ്, മാത്യൂസ് മാർ ഇവാനിയോസ്, എബ്രഹാം മാർ ക്ലീമിസ്, ദാനിയേൽ മാർ ചിലക്സിനോസ് എന്നീ തിരുമേനിമാരും സി. എസ്. ഐ. ബിഷപ്പ് എം. എം. ജോൺ തിരുമേനിയും കത്തോലിക്കാ കോൺ. പ്രസിഡണ്ട് ശ്രീ. പി. സി. എബ്രഹാം, മെ. കശ്വിളി തോമസ്, കെ. വി. മാത്യു, എം. കെ. വർഗീസ് ഉപവ. ജോജ്ജ് വർഗീസ് കണ്ണന്താനം എന്നിവരും കോൺഫറൻസിൽ പങ്കെടുത്തിരുന്നു.

വ്യവസായ വാർത്ത

(സ.പ. ലേ) പാലക്കാടു് ജനു. 6

തൊഴിൽ രഹിതരായ ആദിവാസി തൊഴിലാളികളുടെ പുനരധിവാസ പദ്ധതി യനുസരിച്ചു പെരിന്തൽമണ്ണതാലൂക്കിൽ പുഞ്ചക്കോലംശത്തിൽ താമസിക്കുന്ന ശ്രീ. രാമനു്, പല്പരക്കു് കച്ചവടം ചെയ്യുന്നായി പാലക്കാടു് ജില്ലാ വ്യവസായ ആഫീസർ 250ക വായ്പ അനുവദിച്ചിരിക്കുന്നു.

മദ്യപനെ പിടിച്ചു

ചാവക്കാടു് ജനു. 5

മദ്യപിച്ചു് പൊതുജനങ്ങൾക്ക ഉപദ്രവമുണ്ടാക്കിയെന്ന കാരണത്തിനു് മല്ല

റേഡിയോ

ജനുവരി 7 വ്യാഴം

തിരുവനന്തപുരം, കോഴിക്കോടു് തൃശ്ശൂർ

454 5, 441.2, 517 മീറ്റർ

രാവിലെ

6_50 മംഗളവാദ്യം
6_55 പരിപാടി ചുരുക്കം
7_00 സുഭാഷിതം
7_05 ഉഷഗീതം
7_25 ഇന്നത്തെ ചിന്താവിഷയം
7_30 വാർത്തകൾ മലയാളത്തിൽ
7_45 ഗാനമാലിക
8_00 വാർത്തകൾ ഇംഗ്ലീഷിൽ
8_15 വയ്ലാട്ടു്

മുച്ചക്കു്

12_30 പ്രാദേശികവാർത്തകൾ
12_35 തൊഴിലാളി മണ്ഡലം
1_05 സുഖദസംഗീതം
1_20 വാർത്തകൾ മലയാളത്തിൽ
1_30 ലളിതഗാനങ്ങൾ
1_40 വാർത്തകൾ ഹിന്ദിയിൽ
1_50 സുഗമഗാനം
2_00 കാലാവസ്ഥ

വൈകിട്ടു്

3_30 വിദ്യാലയങ്ങൾക്കുവേണ്ടി
5_30 കഥാപ്രസംഗം
6_00 പ്രാദേശിക അറിയിപ്പു്
6_05 പ്രാദേശികവാർത്തകൾ
6_15 നാട്ടിൻപുറം
7_00 അമ്മ ശരിയാണോ (ശിശുക്ഷേമത്തിന്റെ നിസ്സഹകരണം)
7_10 ലഘുശാസ്ത്രഗാനങ്ങൾ
7_30 വാർത്തകൾ മലയാളത്തിൽ
7_45 രാഗം, താനം, പല്ലവി
8_30 റേഡിയോ നാടകം
8_45 പല്ലാങ്കുഴൽ (പി. സഞ്ജീവറാവു)
8_55 ഇന്നത്തെ ചിന്താവിഷയം
9_00 വാർത്തകൾ ഇംഗ്ലീഷിൽ
9_15 ഫോക്കസ്
9_30 ദേശീയ പരിപാടി
10_30 വാർത്തകൾ ഇംഗ്ലീഷിൽ
10_35 സമാപനം

സുവർണ്ണജൂബിലിയും സംയുക്തവാർഷികവും

മല്ലശ്ശേരി, ജനു 4

സ്ഥലം ഇടവകയിലെ ബഹു: പാലയൂർ മാത്യു അച്ചൻറെ സുവർണ്ണജൂബിലിയും പള്ളിയിലെ വിവിധഭക്തസംഘടനകളുടെ വാർഷികവും പള്ളിമുറ്റത്തുവച്ചു് കൊണ്ടാടുകയുണ്ടായി. യോഗത്തിൽ വിവിധകലാപരിപാടികളും യോഗാനന്തരം സി. എൽ. ജോസിന്റെ 'തീപ്പിടിച്ച ആത്മാവ്' എന്ന നാടകവും ഉണ്ടായിരുന്നു.

(സ.പ ലേ)

ഉൽഘാടനം ചെയ്തു

ഒല്ലൂർ ജ:6

സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി ഒല്ലൂർ പഞ്ചായത്ത് കമ്മിറ്റി ഓഫീസ് ശ്രീ. ഭാസ്കരൻ കോവാത്തു് ഉൽഘാടനം ചെയ്തു. തുടർന്നു് കൂടിയ പാർട്ടി പ്രവർത്തകയോഗത്തിൽ ഒല്ലൂർ പഞ്ചായത്തിലെ മെമ്പർ ശ്രീ. പി. പി. അന്തോണി അധ്യക്ഷം വഹിച്ചു. ബഹു: കെ. എ. ജോസഫ് ടി. വി. കൃഷ്ണൻകുട്ടി, സി. കെ. കുമാരൻ (പഞ്ചായത്തു് മെമ്പർ) തുടങ്ങിയവർ പ്രസംഗിച്ചു.

ശ്രേഷ്ഠിക്കാരനായ ഒരുസേട്ടുപ്പന്നയാളിന്റെ പേരിൽ പൊലീസ് ഒരു കേസ് ചാർജ് ചെയ്തിരിക്കുന്നതായറിയുന്നു.

സ.പ ലേ

പി. & ടി. ഡിപ്പാർട്ടുമെണ്ടു്

കേരള സർക്കിളം

കേരള സർക്കിളിൽ (ലക്ഷദ്വീപ്, മിനിക്കോയ് ദ്വീപ് എന്നിവയുൾപ്പെടെ) 150_5_160_8_240 ഉ ട 8_280_10_300 എന്നീ ശമ്പളസ്കെയിലിൽ വയർലസ് ഓപ്പറേറ്റർമാരായി നിയമിക്കുന്നതിനു അപേക്ഷകരിൽ നിന്നും ക്ഷണിച്ചിരിക്കുന്നു. താഴെ "വിദ്യാഭ്യാസയോഗ്യത" എന്ന ഇനത്തിൽ കൊടുത്തിരിക്കുന്ന മാർക്കുകള